# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX
## (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING )

## ആനുകാലിക റിപ്പോർട്ട്
(2025 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON $31^{st}$ MARCH, 2025)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2025, സെപ്റ്റംബർ 30-ാം തീയതി സമർപ്പിച്ചത്

(Presented on $30^{th}$ September, 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX
## (SUBJECT COMMITTEE IX)

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും**
**(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING )**

**ആനുകാലിക റിപ്പോർട്ട്**
(2025 മാർച്ച് 31 വരെയുള്ളത്)
**(PERIODICAL REPORT AS ON 31st MARCH, 2025)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| അവതാരിക | - | vi |
| റിപ്പോർട്ട് | - | 1 |

# സബ്ജക്ട് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)

## (2023-2026)

**ഘടന**

**ചെയർപേഴ്സൺ:**

ശ്രീ. എം. ബി. രാജേഷ്,
തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി

**എക്സ് – ഒഫീഷ്യോ അംഗങ്ങൾ:**

ശ്രീ. കെ. രാജൻ,
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി

ശ്രീ. വി. അബ്ദുറഹിമാൻ,
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി

**അംഗങ്ങൾ:**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 01.04.2024 മുതൽ 31.03.2025 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2023-26 കാലയളവിലേക്കുള്ള സമിതിയുടെ രൂപീകരണം 2023 ഡിസംബർ 07-ലെ 445-ാംനമ്പർ ബുള്ളറ്റിൻ ഭാഗം - 2 പ്രകാരമായിരുന്നു. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2024-25 കാലയളവിൽ സമിതി 04.07.2024, 10.02.2025, 20.02.2025, 21.02.2025, 27.02.2025 എന്നീ തീയതികളിലായി 5 യോഗങ്ങൾ ചേർന്നു. വിവിധ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച കാലതാമസപത്രികകൾ, നടപടി പത്രികകൾ, കരട് റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കായാണ് 04.07.2024, 10.02.2025 എന്നീ തീയതികളിൽ യോഗം ചേർന്നത്. 20.02.2025, 21.02.2025 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായും 27.02.2025-ൽ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് അംഗീകാരത്തിനുമായും ചേർന്നു. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 49% ആയിരുന്നു.

ആറ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അദ്ധ്യായം I-ൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും അദ്ധ്യായം II-ൽ സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങളും, അദ്ധ്യായം III-ൽ സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങളും അദ്ധ്യായം IV-ൽ ചട്ടം 235 A പ്രകാരമുള്ള യോഗങ്ങളുടെ വിവരങ്ങളും അദ്ധ്യായം V-ൽ നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും അദ്ധ്യായം VI-ൽ 2024-25 സാമ്പത്തിക

വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ മറുപടി ലഭ്യമായതും ലഭ്യമാക്കാനുള്ളതുമായ ശിപാർശകളുടെയും വകുപ്പുകളുടെയും വിവരങ്ങളും മുൻ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടി പത്രികകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2025, സെപ്റ്റംബർ 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. ബി. രാജേഷ്,**
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി IX.

തിരുവനന്തപുരം,
30.09.2025.

# റിപ്പോർട്ട്

## അദ്ധ്യായം - I

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 05.03.2024-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2024 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് - 04.07.2024-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2024 ജൂലൈ 08-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 04.07.2024-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2024 ജൂലൈ 08-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 27.02.2025-ലെ യോഗത്തിൽ പരിഗണിച്ച് അംഗീകരിക്കുകയും 2025 മാർച്ച് 3-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം - II

### സമിതി പരിഗണിച്ച ബില്ലുകൾ

റിപ്പോർട്ട് കാലയളവിൽ ബില്ലുകളൊന്നും പരിഗണിച്ചിട്ടില്ല.

## അദ്ധ്യായം - III

### സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

(എ) കരട് ചട്ടങ്ങൾ

1. **2024-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ഭേദഗതി ചട്ടങ്ങൾ**

(ഫയൽ നം. 19981/സബ്.സി.ഡി1/2024/ലെജി)

പ്രസ്തുത കരട് ചട്ടം 10.02.2025-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. (ബി) <u>എസ്.ആർ.ഒ.കൾ</u>

സമിതിയുടെ 04.07.2024-ലെ യോഗം, താഴെപ്പറയുന്ന എസ്.ആർ.ഒ.കൾ പരിഗണിക്കുകയും സമിതിയുടെ മുൻകൂട്ടിയുള്ള പരിശോധന കൂടാതെ അവ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ നൽകിയ വിശദീകരണം അംഗീകരിക്കുകയും പ്രസ്തുത ചട്ടങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

1. 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 828/2019)

(ഫയൽ നം. 627/സബ്.സി.ഡി1/2020/ലെജി)

2. 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 829/2019)

(ഫയൽ നം. 627/സബ്.സി.ഡി1/2020/ലെജി)

3. 2023-ലെ കേരള സ്റ്റേറ്റ് വഖഫ് (ഭേദഗതി) ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 1299/2023)

(ഫയൽ നമ്പർ 265/സബ്.സി.ഡി1/2024/ലെജി)

4. The Kerala Places of Public Resort (Amendment) Rules 2022

(എസ്.ആർ.ഒ. നം. 199/2022)

(ഫയൽ നമ്പർ 15073/സബ്.സി.ഡി1/2022/ലെജി)

5. 2022-ലെ കേരള പഞ്ചായത്ത്‌രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ഭേദഗതി ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 600/2022)

(ഫയൽ നമ്പർ 18565/സബ്.സി.ഡി1/2022/ലെജി)

6. 2022-ലെ കേരള പഞ്ചായത്ത്‌രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ഭേദഗതി ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 607/2022)

(ഫയൽ നമ്പർ 18565/സബ്.സി.ഡി1/2022/ലെജി)

7. 2022-ലെ കേരള പഞ്ചായത്ത്‌രാജ് (സ്റ്റാൻഡിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 606/2022)

(ഫയൽ നമ്പർ 18565/സബ്.സി.ഡി1/2022/ലെജി)

8. 2024-ലെ പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 168/2024)

(ഫയൽ നമ്പർ 5106/സബ്.സി.ഡി1/2024/ലെജി)

9. 2024-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ

ക്രമവത്കരണം) ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 172/2024)

(ഫയൽ നമ്പർ 5106/സബ്.സി.ഡി1/2024/ലെജി)

11. 2020-ലെ കേരള പഞ്ചായത്ത്‌രാജ് (തെരഞ്ഞെടുപ്പ് നടത്തിപ്പ്) നാലാം ഭേദഗതി ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 840/2020)

(ഫയൽ നം. 2132/സബ്.സി.ഡി 1/2022/ലെജി)

12. 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (ഭേദഗതി) ചട്ടം

(എസ്.ആർ.ഒ. നം. 482/2021)

(ഫയൽ നം. 2132/സബ്.സി.ഡി 1/2022/ലെജി)

04.07.2024-ലെ സമിതിയോഗം പരിഗണിക്കുകയും ചട്ടത്തിനാധാരമായ ആക്ട് മലയാളത്തിലായിരുന്നിട്ടും ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചത് ക്രമപ്രകാരമല്ലെന്ന് നിരീക്ഷിക്കുകയും പ്രസ്തുത ചട്ടങ്ങൾ മലയാളത്തിൽ തയ്യാറാക്കി ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

സമിതിയുടെ 10.02.2025-ലെ യോഗം, താഴെപ്പറയുന്ന എസ്.ആർ.ഒ.കൾ പരിഗണിക്കുകയും സമിതിയുടെ മുൻകൂട്ടിയുള്ള പരിശോധന കൂടാതെ അവ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ നൽകിയ വിശദീകരണം അംഗീകരിക്കുകയും പ്രസ്തുത ചട്ടങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

1. 2024-ലെ കേരള ലാൻഡ് പൂളിംഗ് ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 455/2024)

(ഫയൽ നം. 11827/സബ്.സി.ഡി1/2024/ലെജി)

2. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്മേലുള്ള ചട്ടം

(എസ്.ആർ.ഒ. നം. 632/2024)

(ഫയൽ നം. 14399/സബ്.സി.ഡി1/2024/ലെജി)

3. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്മേലുള്ള ചട്ടം

(എസ്.ആർ.ഒ. നം. 633/2024)

(ഫയൽ നം. 14399/സബ്.സി.ഡി1/2024/ലെജി)

4. 2024-ലെ കേരള മുനിസിപ്പാലിറ്റി(കുറ്റങ്ങൾ രാജിയാക്കൽ) ഭേദഗതി ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 790/2024)

(ഫയൽ നം. 17072/സബ്.സി.ഡി1/2024/ലെജി)

5. 2024-ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 658/2024)

(ഫയൽ നം. 18301/സബ്.സി.ഡി1/2024/ലെജി)

6. 2024-ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) ഭേദഗതി ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 792/2024)
(ഫയൽ നം. 19650/സബ്.സി.ഡി1/2024/ലെജി)

7. 2024-ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ഭേദഗതി ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 1068/2024)
(ഫയൽ നം. 20608/സബ്.സി.ഡി1/2024/ലെജി)

## അദ്ധ്യായം - IV

**നിയമസഭ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ.**

റിപ്പോർട്ട് കാലയളവിൽ 235(എ) പ്രകാരം യോഗം ചേർന്നിട്ടില്ല.

## അദ്ധ്യായം - V

നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

| ക്രമ നം. | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | XXI-ഭവനനിർമ്മാണം | 2022-23 (കാലതാമസ പത്രിക സഹിതം) | ഭവനനിർമ്മാണ വകുപ്പ് | 02.07.2024 |
| 2. | XXI-ഭവനനിർമ്മാണം | 2023-24 | ഭവനനിർമ്മാണ വകുപ്പ് | 02.07.2024 |
| 3. | XXI-ഭവനനിർമ്മാണം | 2015-16 | പൊതുവിദ്യാഭ്യാസ വകുപ്പ് | 02.07.2024 |
| 4. | XXI-ഭവനനിർമ്മാണം | 2016-17 | പൊതുവിദ്യാഭ്യാസ വകുപ്പ് | 02.07.2024 |
| 5. | XXI-ഭവനനിർമ്മാണം | 2018-19 (കാലതാമസ പത്രിക സഹിതം) | പൊതുവിദ്യാഭ്യാസ വകുപ്പ് | 02.07.2024 |
| 6. | XXII-നഗരവികസനം | 2021-22 (കാലതാമസ പത്രിക സഹിതം) | തദ്ദേശ സ്വയംഭരണ വകുപ്പ് | 02.07.2024 |
| 7. | XXXVI- | 2021-22 (കാലതാമസ | തദ്ദേശ സ്വയംഭരണ | 02.07.2024 |

| | | | | |
|---|---|---|---|---|
| | ഗ്രാമവികസനം | പത്രിക സഹിതം) | വകുപ്പ് | |
| 8. | XXI-ഭവനനിർമ്മാണം | 2023-24 | സൈനിക ക്ഷേമ വകുപ്പ് | 11.07.2024 |
| 9. | XXI-ഭവനനിർമ്മാണം | 2023-24 | സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | 08.10.2024 |
| 10. | XXI-ഭവനനിർമ്മാണം | 2021-22 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര(ഇ) വകുപ്പ് (കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ) | 18.03.2025 |
| 11. | XXI-ഭവനനിർമ്മാണം | 2022-23 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര(ഇ) വകുപ്പ് (കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ) | 18.03.2025 |

## അദ്ധ്യായം - VI

(എ) 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകളുടെ എണ്ണം | മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പറും വകുപ്പുകളും | മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പുകളും |
|---|---|---|
| 64 | ഭവനനിർമ്മാണ വകുപ്പ്<br>(ഖണ്ഡിക നമ്പർ 3-10,12-20 )<br>പൊതുഭരണ ന്യൂനപക്ഷക്ഷേമ വകുപ്പ്<br>(ഖണ്ഡിക നമ്പർ 34-45) | പൊതുമരാമത്ത് വകുപ്പ്<br>(ഖണ്ഡിക നമ്പർ 1, 2, 11)<br>തദ്ദേശസ്വയംഭരണ വകുപ്പ്<br>(ഖണ്ഡിക നമ്പർ 21-33, 46-64) |

**(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.**

മുൻ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ

ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2015-16-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

പൊതുവിദ്യാഭ്യാസ വകുപ്പ്

ശിപാർശ

2216-80-190-99-പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് വീടുവയ്ക്കാൻ വായ്പ

വിഹിതം :- ഇല്ല

പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ പലിശ സബ്സിഡി നൽകുന്നതിനുവേണ്ടി 52,64,000 രൂപ മേൽ വായ്പ എന്ന ശീർഷകത്തിൽ പുനഃസ്ഥാപിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 5)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് പലിശ സബ്സിഡി നൽകുന്നതിനായി തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ പി2/437/2022/പൊ.വി.വ. തീയതി 29.04.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

2019-20-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

ശിപാർശ

2225-04-102-91-(കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ) 31 (സഹായധനം-ശമ്പളം)

വിഹിതം :- 1,78,44,000/- രൂപ

ഡി.എ. വർദ്ധനവ്, വാർഷിക ശമ്പള വർദ്ധനവ്, ടി.എ/ഡി.എ. ഇനത്തിലുള്ള ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 41,32,000 രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി

വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 28)

**സ്വീകരിച്ച നടപടി**

അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ എ.ഡബ്ല്യു1/343/2019/പൊ.ഭ.വ. തീയതി 07.03.2023)

**ശിപാർശ**

2225-04-102-91-36 ഗ്രാന്റ് ഇൻ എയ്ഡ് ജനറൽ-ശമ്പളേതരം

വിഹിതം :- 30,74,000/- രൂപ

ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിനും മെമ്പർമാർക്കുള്ള ഇന്ധന അലവൻസ് ഓഫീസ് കെട്ടിട വാടക തുടങ്ങിയ ശമ്പളേതര ചെലവുകൾ വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 90,86,000 രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 29)

**സ്വീകരിച്ച നടപടി**

അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ എ.ഡബ്ല്യു1/343/2019/പൊ.ഭ.വ. തീയതി 07.03.2023)

**ശിപാർശ**

2225-04-001-99-06-വാടക കരം നികുതി

വിഹിതം :- 20,00,000/- രൂപ

ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി മേൽ ശീർഷകത്തിൽ 24,00,000 രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 30)

**സ്വീകരിച്ച നടപടി**

അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ എ.ഡബ്ല്യു1/343/2019/പൊ.ഭ.വ. തീയതി 07.03.2023)

**ശിപാർശ**

2225-04-001-99-12- (സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും)

വിഹിതം :- 8,00,00,000/- രൂപ

സിവിൽ സർവ്വീസ് ഉൾപ്പെടെ വിവിധ സ്കോളർഷിപ്പ് അപേക്ഷകരുടെ എണ്ണം വളരെ കൂടുതലായതിനാൽ അർഹരായ അപേക്ഷകർക്ക് സ്കോളർഷിപ്പ്

നൽകാൻ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 1,00,00,000 രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 31)

**സ്വീകരിച്ച നടപടി**

അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ എ.ഡബ്ല്യു1/343/2019/പൊ.ഭ.വ. തീയതി 07.03.2023)

**ശിപാർശ**

2225-04-001-99-17- ചെറുകിട മരാമത്ത് പണികൾ

വിഹിതം :- 1,000/- രൂപ

വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾക്കായി മേൽ ശീർഷകത്തിൽ 33,83,000 രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 32 )

സ്വീകരിച്ച നടപടി

2225-04-001-99-17 മൈനർ വർക്ക്സ് ശീർഷകത്തിൽ 15 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ.ഡബ്ല്യു1/343/2019/പൊ.ഭ.വ. തീയതി 07.03.2023)

**ശിപാർശ**

**2225-04-001-99-18- സംരക്ഷണം**

**വിഹിതം : 1,000/- രൂപ**

ഡയറക്ടറേറ്റിന്റെയും മദ്രസ്സാ ക്ഷേമനിധി ഓഫീസിന്റേയും വകുപ്പിന്റെ കീഴിലുള്ള മറ്റ് കെട്ടിടങ്ങളുടെയും അറ്റകുറ്റ പണികൾക്കായി മേൽ ശീർഷകത്തിൽ 10,000/-രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.33)

**സ്വീകരിച്ച നടപടി**

അധിക തുക ആവശ്യമായി വന്നില്ല

(സർക്കാർ കത്ത് നമ്പർ എ.ഡബ്ല്യു1/343/2019/പൊ.ഭ.വ. തീയതി 07.03.2023)

**<u>ശിപാർശ</u>**

**<u>2225-04-001-99-21-2- സംരക്ഷണവും അറ്റകുറ്റ പണികളും</u>**

**<u>വിഹിതം : 30,000/- രൂപ</u>**

വകുപ്പിന്റെ കീഴിലുള്ള ഔദ്യോഗിക വാഹനം സർവ്വീസ് ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1,00,000 രൂപ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.34)

**<u>സ്വീകരിച്ച നടപടി</u>**

2225-04-001-99-21-2 സംരക്ഷണവും അറ്റകുറ്റ പണികളും ശീർഷകത്തിൽ 57,000/- രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ.ഡബ്ല്യൂ1/343/2019/പൊ.ഭ.വ. തീയതി 07.03.2023)

**<u>ശിപാർശ</u>**

**<u>2225-04-102-92-34- മറ്റ് ചെലവുകൾ</u>**

**<u>വിഹിതം : 2,01,60,000/- രൂപ</u>**

പരിശീലന കേന്ദ്രങ്ങളുടേയും പുതുതായി ആരംഭിക്കുന്ന 7 കേന്ദ്രങ്ങളുടേയും ചെലവുകൾ, 29 സബ് സെന്ററുകളിലേയും ഓണറേറിയം ഉറുദു സ്കോളർഷിപ്പ് എന്നിവയ്ക്ക് ചെലവാകുന്ന തുക മേൽ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ചെലവുകൾ വഹിക്കുന്നതിലേയ്ക്കായി മേൽ ശീർഷകത്തിൽ 7,00,000 രൂപ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.35)

**<u>സ്വീകരിച്ച നടപടി</u>**

2225-04-102-92-34- മറ്റ് ചെലവുകൾ ശീർഷകത്തിൽ പുതിയതായി ആരംഭിച്ച 7 സെന്ററുകൾ ഉൾപ്പെടെ ആകെ 24 സെന്ററുകളുടെ ചെലവുകൾക്കായി 1 കോടി രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ.ഡബ്ല്യൂ1/343/2019/പൊ.ഭ.വ. തീയതി 07.03.2023)

**<u>2020-21-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്</u>**

**<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്</u>**

**<u>ശിപാർശ</u>**

**<u>2225-02-283-89-ഭവനരഹിതർക്ക് ഭവനം</u>**

**<u>വിഹിതം : 57,20,00,000/- രൂപ</u>**

2016-17 സാമ്പത്തിക വർഷം അനുവദിച്ച 6709 വീടുകളിൽ ഇനിയും പൂർത്തിയാക്കാനുള്ള വീടുകൾ പൂർത്തീകരിക്കുന്നതിനും 2018-19 വർഷത്തെ കാലവർഷക്കെടുതിയിൽ തകർന്ന വീടുകളുടെ നിർമ്മാണം, വകുപ്പ് മുഖേനയുള്ള ഭവന പുനരുദ്ധാരണം എന്നിവയ്ക്കായി വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 81,35,00,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.34)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷം 2225-02-283-89-ഭവനരഹിതർക്ക് ഭവനം (പ്ലാൻ) ശീർഷകത്തിൽ 57,20,00,000 രൂപ വകയിരുത്തിയിരുന്നു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 5,00,00,000 രൂപ ധനപുനർവിനിയോഗം മുഖേന അനുവദിച്ചിരുന്നു. ആയതുൾപ്പെടെ ആകെ ലഭ്യമായ തുകയിൽ നിന്നും 61,63,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 272/പി.എം.1/2020/പജ.പവ.വിവ. തീയതി 10.05.2023)

(കാലതാമസ പത്രിക 09.08.2023-ൽ സഭയിൽ സമർപ്പിച്ച)

## 2021-22-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

## തദ്ദേശസ്വയംഭരണ വകുപ്പ്

## ധനാഭ്യർത്ഥന XXII – നഗരവികസനം

### ശിപാർശ

**2217-05-051-98 – പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിട നിർമ്മാണം**

**വിഹിതം : 7,00,00,000/- രൂപ (പദ്ധതി)**

പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിട നിർമ്മാണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 3,50,00,000 രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.13)

<u>സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ച)

ശിപാർശ

2217-05-191-48 – (കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്)

04- പ്രധാനമന്ത്രി ആവാസ് യോജന – നഗരം (60% സി.എസ്.എസ്.) (ജനറൽ) കോർപറേഷനുകൾ

വിഹിതം : 70,80,00,000/- രൂപ (പദ്ധതി)

2217-05-192-48- (കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്)

04- പ്രധാനമന്ത്രി ആവാസ് യോജന – നഗരം (60% സി.എസ്.എസ്.) (ജനറൽ)

മുനിസിപ്പാലിറ്റികൾ

വിഹിതം : 2,83,20,00,000/- രൂപ (പദ്ധതി)

പ്രധാനമന്ത്രി ആവാസ് യോജനയുടെ നഗരം പദ്ധതിയ്ക്ക് ബഡ്ജറ്റ് വിഹിതമായി 2021-22-ലേയ്ക്ക് ലഭ്യമാകേണ്ട 488,20,00,000 രൂപയിൽ പൂർണ്ണമായും തുക അനുവദിച്ചിട്ടില്ലാത്തതിനാലും പദ്ധതി കാലാവധി 31.03.2022-ൽ അവസാനിക്കുന്നതിനാലും അംഗീകാരം ലഭിച്ച എല്ലാ വീടുകളുടേയും നിർമ്മാണം കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകങ്ങളിൽ യഥാക്രമം 17,64,00,000 രൂപയും 70,56,00,000 രൂപയും ചേർത്ത് ആകെ 88,20,00,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.14)

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ

2217-05-191-36- (തിരുവനന്തപുരം വികസന അതോറിറ്റി)

35 – (മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം)

വിഹിതം : 80,00,000/- രൂപ (പദ്ധതി)

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് മേൽ ശീർഷകത്തിൽ 25,00,000 രൂപ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.15)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2217-05-192-77- (ശബരിമല തീർത്ഥാടനത്തിനുള്ള പ്രത്യേക ഗ്രാന്റ്)**

**വിഹിതം : 1,00,00,000/- രൂപ (പദ്ധതിയേതരം)**

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി നഗരസഭകൾ കൂടുതൽ തുക ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ നൽകുന്നതിനാൽ ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 50,00,000 രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.16)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2217-80-001-99- (ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്)**

**05-2 - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്**

**വിഹിതം : 2,84,000/- രൂപ** (പദ്ധതിയേതരം)

ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സിലെ ഓഫീസ് ശീതീകരിച്ചതിനെ തുടർന്ന് വൈദ്യുതി ചാർജ്ജ് ഇനത്തിൽ അധികമായി തുക ആവശ്യമുള്ളതിനാൽ മേൽ ശീർഷകത്തിൽ 1,50,000 രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.17)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ

2217-80-001-99- (ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്)

45 പി. ഒ. എൽ.

വിഹിതം : 1,44,000/- രൂപ (പദ്ധതിയേതരം)

ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സിൽ ഇന്ധന ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 30,000 രൂപ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.18)

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ

2217-80-001-95

95- കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ

99- വിവര സാങ്കേതിക വിദ്യ

വിഹിതം : 8,00,000/- രൂപ (പദ്ധതി)

ഡിപ്പാർട്ട്മെന്റ് ഓഫ് അർബൻ അഫയേഴ്സിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചെലവായിട്ടുള്ള 2,00,000 രൂപ ട്രഷറിയിൽ പെൻഡിംഗ് ആയത് കാരണം ഈ വർഷത്തെ ഗ്രാന്റിൽ നിന്നും ചെലവഴിക്കേണ്ടി വരുന്നതുകൊണ്ട് നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 2,00,000 രൂപ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.19)

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ഒഴികെ അഡീഷണൽ ആതറൈസേഷൻ വഴി അധിക വിഹിതമായി 75,00,000/- രൂപ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി

20.03.2024)
(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2217-80-001-92 (നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും)**

**വിഹിതം : 25,00,000/- രൂപ (പദ്ധതി)**

നഗരകാര്യ വകുപ്പിന്റെയും കീഴ് ഓഫീസുകളിലെയും ജീവനക്കാരുടെ സേവന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് നിലവിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5,00,000 രൂപ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.20)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)
(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2217-80-001-91- മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന**

**10- സംഭാവന**

**വിഹിതം : ഇല്ല**

നഗരസഭകളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നീക്കിയിരിപ്പ് തുക പര്യാപ്തമല്ലാത്തതിനാൽ നഗരസഭകൾക്ക് അലോട്ട്മെന്റ് നൽകുവാൻ കഴിയുന്നില്ല. ഈ ഇനത്തിൽ ബഡ്ജറ്റിൽ തുകയൊന്നും നീക്കിവിച്ചിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 550,00,00,000 രൂപ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.21)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം വച്ചിട്ടില്ലാത്തതിനാൽ അഡീഷണൽ ആതറൈസേഷൻ വഴി അധിക വിഹിതമായി 50,00,00,000 രൂപ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)
(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2217-80-800-76- അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**

**വിഹിതം : 100,00,00,000 രൂപ (പദ്ധതി)**

കോവിഡ് മഹാമാരി സൃഷ്ടിച്ച തൊഴിൽ പ്രതിസന്ധി കാരണം ധാരാളം വ്യക്തികൾ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിനായി അപേക്ഷ സമർപ്പിക്കുന്ന സാഹചര്യത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 50,00,00,000 രൂപ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.22)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതമായി 1,000/- രൂപ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2217-80-800-62- ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയുള്ള സഹായ ധനം**

**വിഹിതം : 55,00,00,000 രൂപ (പദ്ധതി)**

ലൈഫ്-പി.എം.എ.വൈ (അർബൻ) ഗുണഭോക്താക്കൾക്ക് 2021-22 സാമ്പത്തിക വർഷം പലിശയിനത്തിൽ 72,00,00,000 രൂപ നൽകേണ്ടതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 17 കോടി രൂപ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.23)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അഡീഷണൽ ആതറൈസേഷൻ വഴി അധിക വിഹിതമായി 21,24,40,000/- രൂപ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4217-60-051-94- വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദ വിവരങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികൾ)**

**വിഹിതം : 1,000 രൂപ (പദ്ധതിയേതരം)**

നിയമസഭാ സാമാജികർ തങ്ങളുടെ മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിലെ തുക വിലയിരുത്തി നടത്തുന്ന നിർമ്മാണ പ്രവൃത്തികൾക്കുള്ള ശിപാർശ പരിഗണിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് തുക നൽകേണ്ടതുണ്ട്. ആയതിനാൽ മേൽ ശീർഷകത്തിൽ 25,00,00,000 രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക.24)

**<u>സ്വീകരിച്ച നടപടി</u>**

ബഡ്ജറ്റ് വിഹിതം ഒഴികെ അഡീഷണൽ ആതറൈസേഷൻ വഴി അധിക വിഹിതമായി 3,70,00,000/- രൂപ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**<u>ധനാഭ്യർത്ഥന XXXV – പഞ്ചായത്ത്</u>**

**<u>ശിപാർശ</u>**

**<u>2515-00-001-91 – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം – മേൽ നോട്ടം</u>**

**<u>വിഹിതം – 15,13,16,000 രൂപ</u> (പദ്ധതിയേതരം)**

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് (മേൽനോട്ടം) വിഭാഗത്തിലെ ഓഫീസുകളിലെ സ്ഥലംമാറ്റ ബത്ത, അവധി യാത്രാആനുകൂല്യം, ഇലക്ട്രിസിറ്റി ചാർജ്ജ്, ട്രെയിനിംഗ് പ്രോഗ്രാം എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7,28,000 രൂപ ധനപുനഃവിനിയോഗ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

**<u>സ്വീകരിച്ച നടപടി</u>**

ബജറ്റ് വിഹിതം ഒഴികം അധിക വിഹിതമായി 1,00,000/- രൂപ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**<u>ശിപാർശ</u>**

**<u>2515-00-001-86 – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൻ കീഴിലുള്ള ഓഫീസുകളുടെ ആധുനികവൽക്കരണം, കമ്പ്യൂട്ടർവൽക്കരണം, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ</u>**

**<u>വിഹിതം – 2,25,00,000 രൂപ</u> (പദ്ധതി)**

ഇ-ഗവേർണൻസിന്റെ ഭാഗമായി പ്രൈസ് സോഫ്റ്റ്‌വെയറിന്റെ രണ്ടാംഘട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ

എഞ്ചിനീയർമാർക്ക് ടാബ് വാങ്ങുന്നതിനും ഗുണനിലവാര നിർണ്ണയ ലബോറട്ടറികൾ ബ്ലോക്കുതലത്തിൽ വ്യാപിപ്പിക്കുന്നതിനും റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3,71,00,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ലാത്തതാണ്.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)
(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-003-99 – കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
**വിഹിതം – 42,12,000 രൂപ** (പദ്ധതിയേതരം)

കിലയിലെ ഓഫീസ് ചെലവ്, ശമ്പളം, ദൈനംദിന ചെലവുകൾ മുതലായവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 17,88,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ലാത്തതാണ്.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)
(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-003-44 –മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ കില കേന്ദ്രങ്ങൾ**
**വിഹിതം – 1,50,00,000 രൂപ** (പദ്ധതി)

കിലയുടെ കീഴിലുള്ള വികസന പരിശീലന കേന്ദ്രങ്ങളുടെ ഓഫീസ് കെട്ടിടങ്ങളുടെയും ഹോസ്റ്റലുകളുടെയും അറ്റകുറ്റപ്പണികളും പരിപാലനവും, ചുറ്റുമതിൽ നിർമ്മാണം, പമ്പ്ഹൗസ് നന്നാക്കൽ, കമ്പ്യൂട്ടർ ലാബിലേക്കും ഓഫീസിലേക്കും വേണ്ട കമ്പ്യൂട്ടറും കമ്പ്യൂട്ടർ ഉപകരണങ്ങളും വാങ്ങൽ, ഫാമുകളിലെ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1,00,00,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ അധികമായി തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-800-94-റെയിൽവേ ലെവൽ ക്രോസിങ്ങുകളുടെ സംരക്ഷണം-സഹായധനം**

**വിഹിതം: 1,000 രൂപ (പദ്ധതിയേതരം)**

വക്കം, കറുകുറ്റി, മുതുതല, കുറ്റിപ്പുറം, അഴിയൂർ, ഒഞ്ചിയം, മാടായി, എന്നീ പഞ്ചായത്തുകളിലെ റെയിൽവെ ലെവൽ ക്രോസ് അറ്റകുറ്റപ്പണികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1,70,00,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-800-98 - പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം**

**(03) -അധിക സംസ്ഥാന വിഹിതം**

**വിഹിതം : 20,00,00,000 രൂപ (പദ്ധതി)**

പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള അധിക സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 30,00,00,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതമായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-800-97 - പ്രാദേശികമായ മുൻഗണനാ പ്രവൃത്തികൾ**

**വിഹിതം: ഇല്ല**

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായുള്ള പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷം സർക്കാർ നിർത്തലാക്കിയിരുന്നെങ്കിലും ടി വർഷത്തിലും അതിന് മുമ്പും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ബില്ലുകൾ ഒടുക്കേണ്ടതുണ്ട്. ഈ ഇനത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 75,00,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-800-96- നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി**

**വിഹിതം: 3,00,00,00,000 രൂപ** (പദ്ധതിയേതരം)

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാഗിക/ഫൈനൽ ബില്ലുകൾ ഒടുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 100,00,00,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതത്തിന് പുറമെ 100 കോടി രൂപ അധിക വിഹിതമായി ലഭിച്ചു.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**പൊതുശിപാർശ**

നിയമസഭാ സാമാജികർ തങ്ങളുടെ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിലെ തുക വകയിരുത്തി നടത്തുന്ന നിർമ്മാണ പ്രവർത്തികൾക്കുള്ള ശിപാർശ പരിഗണിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്ക് തുക നൽകേണ്ടതുണ്ട്. ഈ ആവശ്യത്തിനായി 4515-00-800-92- എന്ന ശീർഷകം പുന:സ്ഥാപിച്ച് പ്രസ്തുത

ശീർഷകത്തിൽ 25,00,00,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

**<u>സ്വീകരിച്ച നടപടി</u>**

ബജറ്റ് വിഹിതം വച്ചിട്ടില്ലാത്തതിനാൽ അധിക വിഹിതമായി 6,90,33,000/- രൂപ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**<u>ധനാഭ്യർത്ഥന XXXVI - ഗ്രാമവികസനം</u>**

**<u>ശിപാർശ</u>**

**<u>2501-06-197-48- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം</u>**

**<u>10 - പ്രധാനമന്ത്രി ആവാസ് യോജന</u> (പി.എം.എ).വൈ.(ഗ്രാമീണ) (60% സി.എസ്.എസ്.)**

**വിഹിതം: 25,00,00,000 രൂപ (പദ്ധതി)**

**<u>2501-06-789-98 - പ്രധാനമന്ത്രി ആവാസ് യോജന</u>**
**(പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്. എസ്)**
**വിഹിതം: 12,50,00,000 രൂപ (പദ്ധതി)**

**<u>2501-06-796-98 - പ്രധാനമന്ത്രി ആവാസ് യോജന</u>**
**(പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്. എസ്)**
**വിഹിതം: 5,00,00,000 രൂപ**

2021-22 സാമ്പത്തിക വർഷം പി.എം.എ.വൈ. പദ്ധതിയിൽ 13307 വീടുകളുടെ പൂർത്തീകരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 71,93,91,768 രൂപയും സംസ്ഥാന വിഹിതമായി 47,95,94,512 രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38 )

**<u>സ്വീകരിച്ച നടപടി</u>**

അധികമായി തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**<u>ശിപാർശ</u>**

**<u>2515-00-001-44 - (ഗ്രാമവികസന വകുപ്പിൽ ഇ-ഗവേണൻസ് നവീകരണവും ശാക്തീകരണവും)</u>**

**<u>വിഹിതം:- 50,00,000 രൂപ</u> (പദ്ധതി)**

2021-22 സാമ്പത്തിക വർഷത്തിൽ വാഹന വാടകയിനത്തിലും ഗ്രാമവികസന കമ്മീഷണറേറ്റിലെയും അസിസ്റ്റന്റ് ഡെവലപ്മെന്റ്

കമ്മീഷണർ (ജനറൽ) ഓഫീസുകളിലെയും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 21,15,740 രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

**സ്വീകരിച്ച നടപടി**

അധികമായി തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2513-00-001-42 – സ്വരാജ് ഭവനിൽ കോൺഫറൻസ് ഹാൾ നിർമ്മാണം**

**വിഹിതം:- 1,00,000 രൂപ (പദ്ധതി)**

"സ്വരാജ് ഭവനിൽ കോൺഫറൻസ് ഹാൾ ക്രമീകരണം" എന്ന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 10,00,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ അധികമായി തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-102-30 – ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയുള്ള ധനസഹായം**

**വിഹിതം:- 160,00,00,000 രൂപ (പദ്ധതി)**

ഹഡ്കോയുടെ വായ്പാ ഇനത്തിലുള്ള പലിശ തിരിച്ചടവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 15,42,00,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ 24,00,70,000/- രൂപ അധിക വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-102-49-സമ്പൂർണ്ണ ഭവന പദ്ധതി-ഗ്രാമം-(ലൈഫ്-പാർപ്പിട മിഷൻ)**

**വിഹിതം:- 410,41,00,000 രൂപ** (പദ്ധതി)

ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിലും അഡീഷണൽ ലിസ്റ്റി(ഫിഷറീസ്)ലുമായി ഉൾപ്പെട്ടിട്ടുള്ള 57,000 പേർക്ക് സംസ്ഥാന വിഹിതമായ 1,00,000 രൂപ വീതം അനുവദിക്കുന്നതിന് 570,00,00,000 രൂപയുടെ ആവശ്യകതയുണ്ടാകുന്നതുകൊണ്ട് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 570,00,00,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

**സ്വീകരിച്ച നടപടി**

അധികമായി തുക അനുവദിച്ചിട്ടില്ല.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)
(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-103-97-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (മെറ്റീരിയൽ ചെലവ്) (90% സി.എസ്.എസ്)**

**വിഹിതം:- 917,410,00,000 രൂപ** (പദ്ധതി)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാധന ഘടക ചെലവ് ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 150,00,00,000 രൂപ (കേന്ദ്ര വിഹിതമായി 100,00,00,000 സംസ്ഥാന വിഹിതമായി 50,00,00,000 രൂപയും) ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ അധികമായി തുക അനുവദിച്ചിട്ടില്ല.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)
(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**പൊതുശിപാർശകൾ**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ ചെയ്തതിന് വേതനം ലഭിക്കാനുണ്ടെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കേണ്ട വേതനം കുടിശ്ശിക തുക അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

ശിപാർശ

01-2- വീട്ടുവാടക അലവൻസ്

വിഹിതം:- 10,41,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ കീഴിലുള്ള വിവിധ ജീവനക്കാർക്ക് വീട്ടുവാടക അലവൻസ് നൽകുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1,59,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 02.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ

3454-02-111-94- ജനന മരണ വിവാഹ രജിസ്ട്രേഷൻ

01-1-ശമ്പളം

വിഹിതം:- 17, 25, 000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7,75,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 02.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ

01-2- ക്ഷാമബത്ത

വിഹിതം:- 2,07,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ

**സ്വീകരിച്ച നടപടി**

2021-22 വർഷം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ ചെയ്തതിന് ലഭിക്കേണ്ട വേതനം പൂർണ്ണമായും നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/136/2021-എൽ.എസ്.ജി.ഡി. തീയതി 20.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**2022-23-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

**തദ്ദേശസ്വയംഭരണ വകുപ്പ്**

**ധനാഭ്യർത്ഥന നമ്പർ XXVIII**

**പലവക സാമ്പത്തിക സർവ്വീസുകൾ**

**ശിപാർശ**

**3454-02-111-95-ജനന മരണ സ്ഥിതി വിവരക്കണക്കുകൾ രജിസ്റ്ററാക്കൽ**

**01-1- ശമ്പളം**

**വിഹിതം:- 1,22,50,000 രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ കീഴിലുള്ള വിവിധ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 27,50,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 02.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**01-2- ക്ഷാമബത്ത**

**വിഹിതം:- 13, 50, 000 രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ കീഴിലുള്ള വിവിധ ജീവനക്കാർക്ക് ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 11,50,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 02.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

ശീർഷകത്തിൽ 2,93,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 02.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

**01-3- <u>വീട്ടുവാടക അലവൻസ്</u>**

**വിഹിതം:- 1,64,000 രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാരുടെ വീട്ടുവാടക അലവൻസ് നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 61,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 02.03.2024)

(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**<u>2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്</u>**

<u>തദ്ദേശസ്വയംഭരണ വകുപ്പ്</u>

**ധനാഭ്യർത്ഥന നമ്പർ - XXII**

**നഗരവികസനം**

<u>ശിപാർശ</u>

**<u>4217-60-051-94 – വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദ വിവരങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികൾ)</u>**

**<u>വിഹിതം : 1000 രൂപ</u> (പദ്ധതിയേതരം)**

വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്ത് പണികളുടെ വിശദ വിവരങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി വകയിരുത്തിയ

തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 25,00,00,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 31)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിനു പുറമേ 2,76,05,000/-രൂപ അധികവിഹിതമായി അനുവദിച്ച അതിൽ 2,41,33,275/- രൂപ വിനിയോഗിച്ചു.

(സർക്കാർ കത്ത് നമ്പർ എഫ്.എ൦.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ധനാഭ്യർത്ഥന നമ്പർ – XXXV**

**പഞ്ചായത്ത്**

**ശിപാർശ**

**2515-00-001-99 –മേൽനോട്ടം**

**01-1 – ശമ്പളം**

**വിഹിതം : 7,52,51,000 രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളവും കുടിശ്ശികയും നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1,47,49,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 41)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എ൦.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**01-2 – ക്ഷാമബത്ത**

**വിഹിതം : 90,30,000 രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 70,22,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണ

മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 42)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)
(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

**<u>01-3 – വീട്ടുവാടക അലവൻസ്</u>**

**<u>വിഹിതം : 74,51,000 രൂപ</u> (പദ്ധതിയേതരം)**

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള വീട്ടുവാടക അലവൻസ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5,49,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 43)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)
(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

**02 – <u>വേതനം</u>**

**വിഹിതം : 4,20,000 രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1,55,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 44)

<u>സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)
(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

**05-02 – ഓഫീസ് ചെലവുകൾ വൈദ്യുതി ചെലവ്**

**വിഹിതം : 2,25,000 രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിലെ വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ള ചെലവ് വഹിക്കുന്നതിനു നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 7,75,000 രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 45)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിനു പുറമേ 12,00,000/- രൂപ അധിക വിഹിതമായി അനുവദിച്ചു. അതിൽ 11,29,481/- രൂപ വിനിയോഗിച്ചു.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**05-04 – മറ്റിനങ്ങൾ**

**വിഹിതം : 5,32,000 രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസ് സ്വരാജ് ഭവനിലേയ്ക്ക് മാറ്റുന്നതിനോടനുബന്ധിച്ചുള്ള വിവിധ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 4,68,000 രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 46)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**21-02 – മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപണികളും**

**വിഹിതം : 2,36,000 രൂപ (പദ്ധതിയേതരം)**

മോട്ടോർ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2,64,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 47)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിനു പുറമേ 2,50,000 രൂപ അധിക വിഹിതമായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

<u>45 – പി.ഒ.എൽ</u>

<u>വിഹിതം : 3,85,000 രൂപ</u> (പദ്ധതിയേതരം)

വാഹനങ്ങളുടെ ഇന്ധന ചെലവിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3,15,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി അധികമായി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 48)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിനു പുറമേ 5,00,000 രൂപ അധിക വിഹിതമായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

<u>2515-00-001-97 – ജില്ലാഭരണം</u>

<u>01-1- ശമ്പളം</u>

<u>വിഹിതം : 56,90,17,000 രൂപ</u> (പദ്ധതിയേതരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് ശമ്പളത്തിനായി ബജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3,09,83,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 49)

<u>സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

<u>01-2- ക്ഷാമബത്ത</u>

<u>വിഹിതം : 6,82,82,000 രൂപ</u> (പദ്ധതിയേതരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2,07,18,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 50)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)
(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**01-5- മറ്റു അലവൻസുകൾ**

**വിഹിതം : 35,57,000 രൂപ** (പദ്ധതിയേതരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് മറ്റു അലവൻസുകൾ നൽകുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 9,43,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 51)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)
(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**02-1- വേതനം - ശമ്പളം**

**വിഹിതം : 24,91,000 രൂപ** (പദ്ധതിയേതരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1,09,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 52)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**05-2- ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്**

**വിഹിതം : 7,09,000 രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വൈദ്യുതി ചെലവിനത്തിൽ ബജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2,91,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 53)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**05-4- മറ്റിനങ്ങൾ**

**വിഹിതം : 20,50,000 രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ മറ്റിനങ്ങൾക്കുള്ള ചിലവിനായി ബജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4,50,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 54)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**06 - വാടക, കരം, നികുതി**

**വിഹിതം : 2,85,000 രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിനു കീഴിലുള്ള കണ്ണൂർ ജില്ലാ ഓഫീസിന്റെ കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തു നികുതിയും മറ്റ് ഓഫീസുകളിലെ

അതത് വർഷത്തെ വാടക, കരം, നികുതി എന്നിവയ്ക്കുള്ള ചെലവിനമായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4,00,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 55)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിനു പുറമേ 24,91,000/- രൂപ അധിക വിഹിതമായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

<u>45 - പി.ഒ.എൽ</u>

<u>വിഹിതം : 9,45,000 രൂപ</u> (പദ്ധതിയേതരം)

വർദ്ധിപ്പിച്ച ഇന്ധന വിലയ്ക്ക് അനുസൃതമായി 10 ജില്ലകളിലെ ഓഫീസ് വാഹനങ്ങൾക്ക് ആവശ്യമായ ഇന്ധന ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3,55,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 56)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിനു പുറമേ 2,50,000/- രൂപ കൂടി അധിക വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

<u>2515-00-001-92- (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എൻജിനീയറിംഗ് വിഭാഗം നടത്തിപ്പ്</u>

<u>വിഹിതം 292,76,01,000 രൂപ</u> (പദ്ധതിയേതരം)

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് (നടത്തിപ്പ്) വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ശമ്പളം ക്ഷാമബത്ത എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തൽ 24,36,00,000 രൂപ ധനപന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)
(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-001-91-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം – മേൽ നോട്ടം**

**വിഹിതം 15,05,38,000 രൂപ (പദ്ധതിയേതരം)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് (മേൽനോട്ടം) വിഭാഗം ഓഫീസുകളിലെ ശമ്പളം, മെഡിക്കൽ റീംബേഴ്സ്മെന്റ്, ക്ഷാമബത്ത, കൺസോളിഡേറ്റഡ് പേ, സ്ഥലമാറ്റ ബത്ത, അവധി യാത്രാ ആനുകൂല്യം, ഇലക്ട്രിസിറ്റി ചാർജ്ജ്, എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തൽ 2,49,22,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതത്തിന് പുറമേ മെഡിക്കൽ റീംബേഴ്സ്മെന്റ് ഇനത്തിൽ 3 ലക്ഷം രൂപയും വൈദ്യുത ചെലിനത്തിൽ 2,00,000 രൂപയും മറ്റിനങ്ങൾക്കായി 1.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6,50,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)
(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-001-90-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗം(യഥാർത്ഥത്തിൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന തസ്തികയ്ക്കുള്ള ചെലവ്)**

**വിഹിതം 64,45,48,000 രൂപ (പദ്ധതിയേതരം)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ കോർപ്പറേഷൻ മുനിസിപ്പാലിറ്റി പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ ശമ്പളം ക്ഷാമബത്ത എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തൽ 12,16,00,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)
(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-001-86-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗത്തിനു കീഴിലുള്ള ഓഫീസുകളുടെ ആധുനികവൽക്കരണം, കമ്പ്യൂട്ടർവൽക്കരണം, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ)**
**വിഹിതം 2,25,00,000 രൂപ (പദ്ധതി)**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണവുമായി ബന്ധപ്പെട്ടുള്ള വകുപ്പിന്റെ ഓഫീസ് ഷിഫ്റ്റിംഗ്, ഓഫീസ് ക്രമീകരണം, ഇന്റേണൽ ട്രെയിനികളുടെ നിയമനവുമായി ബന്ധപ്പെട്ട വേതനം, റീജണൽ ക്വാളിറ്റി കൺട്രോൾ ലാബുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, എഞ്ചിനീയർമാർക്ക് ടാബ്, ചീഫ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കൂടാതെ ഇ-ഓഫീസിന്റെ ഭാഗമായി സ്കാനറുകൾ വാങ്ങുന്നതിനും ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് പ്രവർത്തികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 6,86,55,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-001-85-(ഇൻഫർമേഷൻ കേരള മിഷൻ - വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രാദേശിക ഭരണം ശക്തിപ്പെടുത്തൽ)**
**99- വിവരസാങ്കേതിക വിദ്യ**
**വിഹിതം 8,00,00,000 രൂപ (പദ്ധതി)**

ഇൻഫർമേഷൻ കേരള മിഷന്റെ ഓഫീസ് നവീകരണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമഗ്ര ഓൺലൈൻ സേവന വിതരണ സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ നടത്തിപ്പിനുമായും ബഡ്ജറ്റിൽ വകയിരുത്തിയ രൂപ പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2,70,00,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-101- പഞ്ചായത്ത് രാജ് ജേണലിന്റെ പ്രസിദ്ധീകരണം**

**07-പ്രസിദ്ധീകരണങ്ങൾ**

**വിഹിതം 2,86,000 രൂപ (പദ്ധതിയേതരം)**

പഞ്ചായത്ത് രാജ് മാസികയുടെ വരിസംഖ്യയും മറ്റിനങ്ങളും ചേർത്ത് ആകെ ലഭിക്കുന്ന വാർഷിക വരുമാനത്തേക്കാൾ ചെലവ് കൂടുതലായതിനാലും ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാലും മേൽ ശീർഷകത്തിൽ 1,12,42,000 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി I ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)
(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-101-56**

**രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (60% സി. എസ്. എസ്.)**

**01-രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (60% സി. എസ്. എസ്. കേന്ദ്ര വിഹിതം)**
**വിഹിതം 12,00,00,000 രൂപ (പദ്ധതി)**

**02- രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാനൻ 40% എസ്. എസ്. സംസ്ഥാന വിഹിതം)**
**വിഹിതം 8,00,00,000 രൂപ (പദ്ധതി)**

രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയിൻ കീഴിലെ സാങ്കേതിക അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 7,39,00,000 രൂപയും സംസ്ഥാന വിഹിതമായി 4,92,07,000 രൂപയും ഉൾപ്പെടെ ആകെ 12,31,67,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ചെയ്യുന്നു സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

**സ്വീകരിച്ച നടപടി**

2515-00-101-56-01 ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന് പുറമേ 27,29,70,000 രൂപയും 2515-00-101-56-02 ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന് പുറമേ 18,43,20,000 രൂപയും അധികവിഹിതമായി അനുവദിച്ചിട്ടുണ്ട്.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)
(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-80 റെയിൽവേ ലെവൽ ക്രോസിങ്ങുകളുടെ സംരക്ഷണം-സഹായ ധനം**

**വിഹിതം 1000 രൂപ (പദ്ധതിയേതരം)**

വക്കം, കറുകുറ്റി, മുളതല, കുറ്റിപ്പുറം, തലക്കാട്, അഴിയൂർ, ഒഞ്ചിയം, മാടായി, എന്നീ പഞ്ചായത്തുകളിലെ റെയിൽവെ ലെവൽ ക്രോസ് അറ്റകുറ്റപ്പണികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2,20,80,094 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.
(സർക്കാർ കത്ത് നമ്പർ . എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)
(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**2515-00-800-74- പ്രധാനമന്ത്രി ഗ്രാമസഡക് യോജന**
**01- കേന്ദ്രവിഹിതം**
**വിഹിതം 150,00,00,000 രൂപ (പദ്ധതി)**
**02- സംസ്ഥാന വിഹിതം**
**വിഹിതം 100,00,00,000 രൂപ (പദ്ധതി)**

പ്രധാനമന്ത്രി ഗ്രാമസഡക്ക് യോജന പ്രകാരം റോഡുകളുടെ പണി പൂർത്തീകരിക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 150,00,00,000 രൂപയും സംസ്ഥാന വിഹിതമായി 100,00,00,000 രൂപയും ഉൾപ്പെടെ ആകെ 250,00,00,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.
(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 02.03.2024)
(കാലതാമസ പത്രിക 02.07.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-800-98- പി.എം.ജി. എസ്.വൈ പദ്ധതികൾക്കുള്ള ധനസഹായം**
**(03)-അധിക സംസ്ഥാന വിഹിതം**
**വിഹിതം: 20,00,00,000 രൂപ (പദ്ധതി)**

പി.എം.ജിഎസ്.വൈ പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ

65,95,00,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം ഒഴികെ അധിക വിഹിതം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-800-98- പ്രാദേശികമായ മുൻഗണനാ പ്രവൃത്തികൾ**

**വിഹിതം: ഇല്ല**

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കുള്ള പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷം സർക്കാർ നിർത്തലാക്കിയിരുന്നെങ്കിലും ടി വർഷത്തിലും അതിനു മുമ്പും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ബില്ലുകൾ ഒടുക്കേണ്ടതുണ്ട്. മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1,00,00,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

**സ്വീകരിച്ച നടപടി**

16317 കോടി രൂപ അധിക വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-800-96- നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി**

**വിഹിതം: 300,00,00,000 രൂപ (പദ്ധതിയേതരം)**

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാഗിക/ഫൈനൽ ബില്ലുകൾ ഒടുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 100,00,00,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിന് പുറമേ 50,00,00,000 രൂപ ഉപധനാഭ്യർത്ഥന വഴി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**4515-00-800-92- വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധംII (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ ഉൾപ്പെട്ട പ്രവൃത്തികൾ)**

**വിഹിതം: 1000 രൂപ (പദ്ധതിയേതരം)**

2022-23 സാമ്പത്തിക വർഷത്തിൽ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II പൊതുമരാമത്ത് പണികളുടെ വിശദവിവരങ്ങൾ ഉൾപ്പെട്ട പ്രവർത്തികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 25,00,00,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിന് പുറമേ 13,81,73,000 രൂപ അധിക വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്.എം.2/108/2022-എൽ.എസ്.ജി.ഡി. തീയതി 11.12.2023)

(കാലതാമസ പത്രിക 30.01.2024-ൽ സഭയിൽ സമർപ്പിച്ചു)

**എം. ബി. രാജേഷ്,**
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി IX.

തിരുവനന്തപുരം,
2025 ,സെപ്റ്റംബർ 29.

## അനുബന്ധം

## 04.07.2024-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX, 2024 ജൂലൈ 4-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനുശേഷം രാവിലെ 11.40-ന് നിയമസഭാ സമുച്ചയത്തിലെ '3 ബി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളായ ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാനും, താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീ. എ. സി. മൊയ്തീൻ
3. ശ്രീമതി കാനത്തിൽ ജമീല
4. ശ്രീ. വി. കെ. പ്രശാന്ത്
5. ശ്രീ. പി. ഉബൈദുള്ള
6. ശ്രീ. റോജി എം. ജോൺ
7. ശ്രീ. ടി. ജെ. വിനോദ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. ബിജു കെ., സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
2. ശ്രീമതി അനുപമ ടി. വി., സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
3. ഡോ. ഫെബി വർഗീസ്, ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം.
4. ശ്രീ. ബാബു. കെ., അഡീഷണൽ സെക്രട്ടറി, കേരള സംസ്ഥാന ഭവന-നിർമ്മാണ ബോർഡ്.
5. ശ്രീമതി ജോസഫൈൻ കെ., അഡീഷണൽ സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.
6. ശ്രീ. ബി. പ്രതാപ ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
7. ശ്രീമതി എൻ. ജ്യോതി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
8. ശ്രീമതി ശ്രീജ പി. എസ്., അഡീഷണൽ സെക്രട്ടറി, പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ്.
9. ശ്രീ. ടി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ(വഖഫ്) വകുപ്പ്.
10. ശ്രീ. ഹരികൃഷ്ണൻ ബി., ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന - ഭവനനിർമ്മാണ ബോർഡ്.
11. ശ്രീമതി ഷിജി ഇ. ചന്ദ്രൻ, ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്.

12. ശ്രീ. നിസാർ എച്ച്., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ.
13. ശ്രീ. വി. സന്തോഷ്, ചീഫ് ടെക്നിക്കൽ ഓഫീസർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം.
14. ശ്രീ. എസ്. അൻവർ ഹുസൈൻ, ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
15. ഡോ. പത്മകുമാർ ജി. പി., ചീഫ് പ്ലാനർ, ഹൗസിംഗ് (ടെക്നിക്കൽ സെൽ) വകുപ്പ്.
16. ശ്രീമതി ഉമാദേവി എൽ. ഡി., ജോയിന്റ് സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്.
17. ശ്രീമതി ശ്രീരേഖ കെ. എസ്., ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.
18. ശ്രീമതി ബീന കെ. ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.
19. ശ്രീ. ബൈജു ആർ. എച്ച്., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.
20. ശ്രീമതി സെലീന എ., ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
21. ശ്രീമതി ഗംഗ ജി. ആർ., അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
22. ശ്രീമതി ജയലക്ഷ്മി എസ്., അസിസ്റ്റന്റ് ലീഗൽ ഓഫീസർ, നിയമ വകുപ്പ്.
23. ശ്രീ. സി. എം. അബ്ദുൾ ജബ്ബാർ, അഡ്മിനിസ്ട്രേറ്റീവ്-കം-അക്കൗണ്ട്സ് - ഓഫീസർ (ഇൻ-ചാർജ്ജ്), കേരള സംസ്ഥാന വഖഫ് ബോർഡ്.
24. ശ്രീ. രാകേഷ് ആർ., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.
25. ശ്രീ. നെൽസൻ ജെ., പ്രോഗ്രാം മാനേജർ, ലൈഫ് മിഷൻ.

സമിതിയുടെ സാധൂകരണത്തിനായി വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ എസ്.ആർ.ഒ.-കൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ, കാലതാമസപത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ, കരട് റിപ്പോർട്ടുകൾ എന്നിവ സമിതി പരിഗണിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി പത്രികകൾ, ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവ ചട്ടത്തിൽ നിഷ്കർഷിക്കുന്ന സമയ പരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിൽ പല വകുപ്പുകളും കുറ്റകരമായ വീഴ്ച വരുത്തുകയാണെന്നും ആയത് ഗൗരവമായി കാണുന്നുവെന്നും വകുപ്പ് സെക്രട്ടറിമാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ച് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ട രേഖകൾ യഥാസമയം ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും വിവിധ വകുപ്പുകൾ ലഭ്യമാക്കുന്ന സ്റ്റേറ്റ്മെന്റുകളും റിപ്പോർട്ടുകളും സമിതി അംഗങ്ങൾക്ക് മുൻകൂട്ടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നിയമസഭാ സെക്രട്ടേറിയറ്റ് സ്വീകരിക്കണമെന്നും ബഹു. ചെയർപേഴ്സൺ ആമുഖമായി അറിയിച്ചു.

**I. സാധൂകരണത്തിനുള്ള എസ്.ആർ.ഒ.-കൾ**

**1) 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ**
(എസ്.ആർ.ഒ. നം. 828/2019)

**2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ**
(എസ്.ആർ.ഒ. നം. 829/2019)

(കാലതാമസപത്രിക സഹിതം)

(ഫയൽ നം. 627/സബ്.സി.ഡി1/2020/ലെജി)

ബഹു. സ്പീക്കറുടെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ മലയാളത്തിൽ തയ്യാറാക്കി സമർപ്പിച്ച പ്രസ്തുത എസ്.ആർ.ഒ.-കൾ, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും എസ്.ആർ.ഒ.-കൾക്ക് സാധൂകരണം നൽകുകയും കാലതാമസപത്രിക അംഗീകരിക്കുകയും ചെയ്തു.

2) <u>2023-ലെ കേരള സ്റ്റേറ്റ് വഖഫ് (ഭേദഗതി) ചട്ടങ്ങൾ</u>

(എസ്.ആർ.ഒ. നം. 1299/2023)

(ഫയൽ നമ്പർ 265/സബ്.സി.ഡി1/2024/ലെജി)

പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം, സമിതിക്കുള്ള കുറിപ്പ് എന്നിവ സമിതി പരിഗണിക്കുകയും കേരള സംസ്ഥാന വഖഫ് ബോർഡിന്റെ മേൽനോട്ടത്തിലുള്ള വഖഫുകൾ കേന്ദ്ര വഖഫ് നിയമത്തിൽ അനുശാസിക്കുംപ്രകാരം ശരിയാംവണ്ണം പരിപാലിക്കുന്നുണ്ടെന്നും നിയന്ത്രിക്കപ്പെടുന്നുവെന്നും അവയുടെ വരുമാനം അത്തരം വഖഫുകൾ സൃഷ്ടിക്കപ്പെടുന്നതോ ഉദ്ദേശിച്ചിട്ടുള്ളതോ ആയ വസ്തുതകൾക്ക് യഥാവിധി ബാധകമാക്കിയിട്ടുണ്ടെന്നും ഉറപ്പാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ട സാഹചര്യമായതിനാലാണ് 2019-ലെ കേരള സ്റ്റേറ്റ് വഖഫ് ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള ചട്ടം കരട് രൂപത്തിൽ സമിതിക്ക് ലഭ്യമാക്കാതെ എസ്.ആർ.ഒ. വിജ്ഞാപനം പുറപ്പെടുവിച്ചതെന്ന വകുപ്പിന്റെ വിശദീകരണം അംഗീകരിക്കുകയും എസ്.ആർ.ഒ.-യ്ക്ക് സാധൂകരണം നൽകുകയും ചെയ്തു.

3) <u>The Kerala Places of Public Resort (Amendment) Rules 2022</u>

(എസ്.ആർ.ഒ. നം. 199/22)

(കാലതാമസപത്രിക സഹിതം)

(ഫയൽ നമ്പർ 15073/സബ്.സി.ഡി1/2022/ലെജി)]

കേരള നിയമ പരിഷ്കരണ കമ്മീഷന്റെ ശിപാർശ പ്രകാരം Kerala Places of Public Resort Rules 1965-ലെ ചട്ടം 34 ഇനം(vi)-ൽ 'No leper and No person' എന്ന വാക്കുകൾക്ക് പകരം "No Person" എന്ന് ഭേദഗതി വരുത്തി വിജ്ഞാപനം ചെയ്ത പ്രസ്തുത ചട്ടങ്ങൾ, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

4) <u>2022-ലെ കേരള പഞ്ചായത്ത്‌രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ഭേദഗതി ചട്ടങ്ങൾ</u>

(എസ്.ആർ.ഒ. നം. 600/2022)

(കാലതാമസപത്രിക സഹിതം)

(ഫയൽ നമ്പർ 18565/സബ്.സി.ഡി1/2022/ലെജി)

പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും ആധുനിക അറവ് ശാലകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി അറവുശാലകൾക്ക് പൊതുറോഡിൽ നിന്നുള്ള അകലം, കശാപ്പ് സമയം, നിലവിലെ ഫീസ് നിരക്ക് എന്നിവയിൽ നിലവിലുള്ള വ്യവസ്ഥകൾ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന് വിരുദ്ധമാണെന്ന് കണ്ടതിനാൽ ബന്ധപ്പെട്ട വ്യവസ്ഥകളിൽ ഭേദഗതി വരുത്തേണ്ടത് അനിവാര്യമായതിനാൽ 1996-ലെ കേരള പഞ്ചായത്ത്‌രാജ് (കശാപ്പ് ശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ ഭേദഗതി ചെയ്ത് എസ്.ആർ.ഒ. വിജ്ഞാപനം പുറപ്പെടുവിച്ചതെന്ന വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചട്ടങ്ങൾക്ക് സാധൂകരണം നൽകുകയും കാലതാമസപത്രിക അംഗീകരിക്കുകയും ചെയ്തു.

5) 2022-ലെ കേരള പഞ്ചായത്ത്‌രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ഭേദഗതി ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 607/2022)

(കാലതാമസപത്രിക സഹിതം)

(ഫയൽ നമ്പർ 18565/സബ്.സി.ഡി1/2022/ലെജി)

സ്ഥാനാർത്ഥി കെട്ടിവയ്ക്കേണ്ട തുക കാലോചിതമായി പരിഷ്കരിക്കുന്നതിന് 1995-ലെ കേരള പഞ്ചായത്ത്‌രാജ്(തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 8 ഭേദഗതി ചെയ്ത് പുറപ്പെടുവിച്ച പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും കാലതാമസപത്രിക അംഗീകരിക്കുകയും എസ്.ആർ.ഒ.-യ്ക്ക് സാധൂകരണം നൽകുകയും ചെയ്തു.

6) 2022-ലെ കേരള പഞ്ചായത്ത്‌രാജ് (സ്റ്റാൻഡിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 606/2022)

(ഫയൽ നമ്പർ 18565/സബ്.സി.ഡി1/2022/ലെജി)

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ തെരഞ്ഞെടുപ്പ് സംബന്ധമായ അപാകത പരിഹരിക്കുന്നതിനും തെരഞ്ഞെടുപ്പ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി 2000-ലെ കേരള പഞ്ചായത്ത്‌രാജ് (സ്റ്റാൻഡിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 15 ഉപചട്ടം(9)-ന് താഴെ (9 എ) ഉപചട്ടം ചേർത്ത് പ്രസ്തുത ചട്ടങ്ങൾ ഭേദഗതി ചെയ്ത് പുറപ്പെടുവിച്ച എസ്.ആർ.ഒ. വിജ്ഞാപനം സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

7) 2024-ലെ പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 168/2024)

2024-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾ

(എസ്.ആർ.ഒ. നമ്പർ 172/2024)

(ഫയൽ നമ്പർ 5106/സബ്.സി.ഡി1/2024/ലെജി.)

07.11.2019 തീയതിയോ അതിന് മുൻപോ നിർമ്മാണം ആരംഭിച്ചതോ പൂർത്തിയായതോ ആയ അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിന് അനുമതി നൽകുന്നതിലേക്ക് പുറപ്പെടുവിച്ച പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

(8) 2020-ലെ കേരള പഞ്ചായത്ത്‌രാജ് (തെരഞ്ഞെടുപ്പ് നടത്തിപ്പ്) നാലാം ഭേദഗതി ചട്ടങ്ങൾ

(എസ്.ആർ.ഒ. നം. 840/2020)

(ഫയൽ നം. 2132/സബ്.സി.ഡി 1/22/ലെജി)

2020-ലെ കേരള പഞ്ചായത്ത്‌രാജ് (മൂന്നാം ഭേദഗതി) ഓർഡിനൻസ് (2020 ലെ 78) (2021-ലെ കേരള പഞ്ചായത്ത്‌രാജ്(ഭേദഗതി) ആക്റ്റ്) മുഖേന 1994 ലെ പഞ്ചായത്ത്‌രാജ് ആക്ട് ഭേദഗതി വരുത്തിയതിൻ പ്രകാരം 1995 ലെ കേരള പഞ്ചായത്ത്‌രാജ്(തെരഞ്ഞെടുപ്പ്) ചട്ടങ്ങളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

<u>2021 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (ഭേദഗതി) ചട്ടം</u>

(എസ്. ആർ. ഒ. നം. 482/2021)

(ഫയൽ നം. 2132/സബ്.സി.ഡി 1/ 22/ലെജി.)

The Panchayath Building(Amendment) Rules, 2021 (SRO No. 482/21) ഇംഗ്ലീഷ് ഭാഷയിലാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ചട്ടത്തിന് ആധാരമായ പ്രധാന ആക്റ്റും (1994-ലെ പഞ്ചായത്ത് രാജ് ആക്റ്റ്), അതിന്റെ ഭേദഗതി ആക്റ്റും (2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ്) മലയാളത്തിലായിരുന്നിട്ടും ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചത് ബഹു. സ്പീക്കർ 12.02.2020-ന് നൽകിയ റൂളിംഗിന് വിരുദ്ധമാണെന്ന് നിരീക്ഷിച്ച സമിതി മൂലനിയമം മലയാളത്തിലായതിനാൽ ഭേദഗതി ചട്ടങ്ങളും മലയാളത്തിൽ ലഭ്യമാക്കണമെന്ന് വകുപ്പിനോട് നിർദ്ദേശിക്കുകയും മലയാളത്തിൽ തയ്യാറാക്കി ലഭ്യമാക്കിയതിനുശേഷം പ്രസ്തുത ചട്ടങ്ങൾ പരിഗണിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

II. <u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ</u>

1. <u>2014-ലെ പഞ്ചായത്ത്‌രാജ് (ഭേദഗതി) ആക്ട് കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.</u>

(ഫയൽ നം. 1140/സബ്.സി.ഡി 1/ 2015/ലെജി)

2. <u>2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.</u>

(ഫയൽ നം. 680/സബ്.സി.ഡി 1/ 2013/ലെജി)

കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾ 15(ഇ), (എഫ്) എന്നിവ പ്രകാരം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പുറപ്പെടുവിക്കേണ്ടതും ആയതിൽ കാലാകാലങ്ങളിലുള്ള ഫീസ് ഈടാക്കേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആകയാൽ മാലിന്യ സംസ്കരണ ഫണ്ട് രൂപീകരിക്കുന്നതിന് പുതിയതായി ചട്ടം രൂപീകരിക്കേണ്ടതില്ലെന്ന തദ്ദേശസ്വയംഭരണ(ആർ.ഡി.) വകുപ്പിന്റെ റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

III. <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും കാലതാമസപത്രിക സഹിതം ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന</u>

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ചുവടെ ചേർത്തിരിക്കുന്ന സാമ്പത്തിക വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. **2015-16-ലെ അഞ്ചാമത് റിപ്പോർട്ട്.**
(ഫയൽ നമ്പർ 3337/സബ്.സി.ഡി1/2015/ലെജി)
പൊതുവിദ്യാഭ്യാസ(പി) വകുപ്പ് - ഖണ്ഡിക നം. 5
[റഫറൻസ് നം. പി2/437/2022/പൊ.വി.വ. തീയതി 29.04.2024]

2. **2019-20-ലെ നാലാമത് റിപ്പോർട്ട്**
(ഫയൽ നമ്പർ 3275/സബ്.സി.ഡി1/2019/ലെജി)
പൊതുഭരണ(ന്യൂനപക്ഷക്ഷേമ) വകുപ്പ് - ഖണ്ഡിക നം. 28 - 35
[റഫറൻസ് നം. എം.ഡബ്ല്യൂ1/343/2019-പൊ.ഭ.വ തീയതി 17.03.2023]

3. **2020-21-ലെ അഞ്ചാമത് റിപ്പോർട്ട്**
(ഫയൽ നമ്പർ 1622/സബ്.സി.ഡി1/2020/ലെജി)
പട്ടികജാതി-പട്ടികവർഗ്ഗ വികസന(പി.എം) വകുപ്പ് - ഖണ്ഡിക നം. 34
[റഫറൻസ് നം.272/പിഎം1/2020/പജപവവിവ തീയതി 13.09.2021,10.05.2023]

4. **2021-22-ലെ ഒന്നാമത് റിപ്പോർട്ട്**
(ഫയൽ നമ്പർ 11982/സബ്.സി.ഡി1/2021/ലെജി)
തദ്ദേശസ്വയംഭരണ(എഫ്.എം.) വകുപ്പ് - ഖണ്ഡിക നം. 13-24, 29-44
[റഫറൻസ് നം. FM2/136/2021-LSGD തീയതി 20.03.2024]

5. **2022-23-ലെ രണ്ടാമത് റിപ്പോർട്ട്**
(ഫയൽ നമ്പർ 12961/സബ്.സി.ഡി1/2022/ലെജി)
തദ്ദേശസ്വയംഭരണ(എഫ്.എം.) വകുപ്പ് - ഖണ്ഡിക നം. 31, 35-40, 41-69
[റഫറൻസ് നം. FM2/108/2022-LSGD തീയതി 11.12.2023, 02.03.2024]

## IV. <u>വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികയുടെ പരിഗണന</u>

ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകൾ വിവിധ സാമ്പത്തിക വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കിയ കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. **പൊതുവിദ്യാഭ്യാസ(പി) വകുപ്പ് (2018-19)**
(ഫയൽ നമ്പർ 84/സബ്.സി.ഡി1/2019/ലെജി)
[റഫറൻസ് നം. പി2/391/2022/പൊ.വി.വ. തീയതി 29.04.2024]

2. **തദ്ദേശസ്വയംഭരണ(എഫ്.എം.) വകുപ്പ് (2021-22)**
(ഫയൽ നമ്പർ 578/സബ്.സി.ഡി1/2022/ലെജി)
[റഫറൻസ് നം. FM2/8/2022-LSGD തീയതി 23.04.2024]

3. **പൊതുമരാമത്ത് (ഇ) വകുപ്പ് (2021-22)**
(ഫയൽ നമ്പർ 578/സബ്.സി.ഡി1/2022/ലെജി)
[റഫറൻസ് നം. ഇ 3/145/2022/പൊമവ തീയതി 15.12.2022]

4. **ഭവന നിർമ്മാണ(എ) വകുപ്പ് (2022-23)**
(ഫയൽ നമ്പർ 987/സബ്.സി.ഡി1/2023/ലെജി)

[റഫറൻസ് നം. HSG-A4/22/2023-HSG തീയതി 07.02.2024]

V. **ലൈഫ് പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് ചട്ടം 235 'എ' പ്രകാരം അവലോകനം നടത്തി സമർപ്പിച്ച ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട്**

(ഫയൽ നമ്പർ 3946/സബ്.സി.ഡി1/2019/ലെജി)
[റഫറൻസ് നം. ഡിഇ 3/138/2022-തസ്വഭവ തീയതി 27.01.2023]

ലൈഫ് പദ്ധതിയുടെ പുരോഗതിയുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ തദ്ദേശസ്വയംഭരണ(ഡിഇ) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

VI. **2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന**

(ഫയൽ നമ്പർ 5588/സബ്.സി.ഡി1/2023/ലെജി)

പ്രസ്തുത റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**ഖണ്ഡിക നം. 3-10, 12, 14-19** (ഭവന നിർമ്മാണ(എ) വകുപ്പ്)
[റഫറൻസ് നം. HSG-A4/74/2023-HSG തീയതി 07.06.2024]
**ഖണ്ഡിക നം. 33-38** (പൊതുഭരണ(ന്യൂനപക്ഷക്ഷേമ) വകുപ്പ്)
[റഫറൻസ് നം. MW1/138/2023-GAD തീയതി 25.06.2024]
**ഖണ്ഡിക നം. 1, 2, 11, 13** (പൊതുമരാമത്ത്(ഇ) വകുപ്പ്)
[റഫറൻസ് നം. ഇ 3/242/2024-പൊ.മ.വ. തീയതി 03.07.2024]

VII. **കരട് റിപ്പോർട്ടുകളുടെ പരിഗണന**

ചുവടെ ചേർത്തിരിക്കുന്ന കരട് റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

1. **2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്**
   (ഫയൽ നമ്പർ 8716/സബ്.സി.ഡി1/2024/ലെജി)

2. **2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**
   (ഫയൽ നമ്പർ 5588/സബ്.സി.ഡി1/2023/ലെജി)

യോഗം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് അവസാനിച്ചു.

## 10.02.2025-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2025 ഫെബ്രുവരി 10-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗം ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീമതി കാനത്തിൽ ജമീല
2. ശ്രീ. റോജി എം. ജോൺ

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീമതി അനുപമ ടി. വി., സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. എസ്. രാജീവ്, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. നിസാം എസ്. എ., ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീമതി ഷിജി ഇ. ചന്ദ്രൻ, ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ശ്രീ. രാജീവ് കെ. ആർ., സീനിയർ ടൗൺ പ്ലാനർ(പ്ലാനിങ്),തദ്ദേശ സ്വയംഭരണ വകുപ്പ്
6. ശ്രീമതി അഞ്ജു ഡബ്ല്യൂ. സി., ടൗൺ പ്ലാനർ(പ്ലാനിങ്), തദ്ദേശ സ്വയംഭരണ വകുപ്പ്
7. ശ്രീ. സജീർ എച്ച്., ലോ ഓഫീസർ, പഞ്ചായത്ത് ഡയറക്ടറേറ്റ്
8. ശ്രീമതി ഷീബ വി. എസ്., ലോ ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

കരട് ചട്ടം, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I. **കരട് ചട്ടം**

**2024-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ഭേദഗതി ചട്ടങ്ങൾ**

(ഫയൽ നം. 19981/സബ്.സി.ഡി1/2024/ലെജി)

[റഫറൻസ് നം. ആർ.ഡി1/68/2022/തസ്വഭവ തീയതി 01.01.2024]

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാടകയ്ക്കോ പാട്ടത്തിനോ നൽകുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ, വ്യവസായ എസ്റ്റേറ്റുകൾ, കടമുറികൾ മുതലായവയിൽ അഞ്ച് ശതമാനം സ്ത്രീകൾക്കുവേണ്ടി സംവരണം ചെയ്യുന്നതിനും സർക്കാർ സംവിധാനങ്ങളിലും പൊതുസമൂഹത്തിലും "വികലാംഗർ" എന്ന വാക്കിനുപകരം "ഭിന്നശേഷിക്കാർ" എന്ന വാക്ക് ഉപയോഗിക്കുന്നതിനാൽ ടി വ്യവസ്ഥയിലെ "വികലാംഗർ" എന്ന പദം മാറ്റി "ഭിന്നശേഷിക്കാർ" എന്ന് ചേർക്കുന്നതിനുമാണ് ഭേദഗതി ചട്ടം കൊണ്ടുവന്നിട്ടുള്ളതെന്ന് തദ്ദേശസ്വയംഭരണ(ആർ.ഡി.) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സ്ത്രീകൾക്കുവേണ്ടി സംവരണം ചെയ്യുന്ന അഞ്ച് ശതമാനത്തിൽ പ്രസ്തുത വിഭാഗത്തിൽ നിന്നും അപേക്ഷകരില്ലെങ്കിൽ മറ്റ് വിഭാഗങ്ങൾക്ക് നൽകുമോയെന്ന് സമിതി ആരാഞ്ഞതിന് ഓരോ വിഭാഗത്തിനും സംവരണം ചെയ്തിട്ടുള്ളവ ആ വിഭാഗക്കാരിൽനിന്ന് മാത്രം പരസ്യമായി അപേക്ഷ ക്ഷണിച്ച് നൽകേണ്ടതാണെന്നും ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും അപേക്ഷകരില്ലാത്തപക്ഷം അവ മറ്റ് വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കാവുന്നതും എന്നാൽ അടുത്തുണ്ടാകുന്ന ഒഴിവ് ഈ വിഭാഗത്തിൽപ്പെട്ടവർക്കായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണെന്ന് മൂല ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി.

ചട്ടത്തിന്റെ പേരിലെ '2024' എന്നത് '2025' എന്ന് മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിച്ചു.

**II. <u>സാധൂകരണത്തിനുള്ള എസ്.ആർ.ഒ.- കൾ</u>**

**1. 2024-ലെ കേരള ലാൻഡ് പൂളിംഗ് ചട്ടങ്ങൾ**

(എസ്.ആർ.ഒ. നം. 455/2024)(കാലതാമസ പത്രിക സഹിതം)

(ഫയൽ നം. 11827/സബ്.സി.ഡി1/2024/ലെജി)

[റഫറൻസ് നം. ആർ.ഡി2/122/2024/എൽ.എസ്.ജി.ഡി. തീയതി 12.08.2024]

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 74, 112 എന്നീ വകുപ്പുകൾ പ്രകാരം ലാൻഡ് പൂളിംഗ് സ്കീം തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിനും അനുവർത്തിക്കേണ്ടതായ നടപടിക്രമങ്ങൾ സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്നതിന് അധികാരം നൽകുന്നുണ്ടെന്നും 16.03.2024-ലെ സർക്കാർ ഉത്തരവുപ്രകാരം 2024-ലെ കേരള ലാൻഡ് പൂളിംഗ് ചട്ടങ്ങൾ 22.05.2024-ന് പ്രസിദ്ധപ്പെടുത്തിയെങ്കിലും വിഷയനിർണ്ണയ സമിതി മുമ്പാകെ സമർപ്പിക്കുന്നതിൽ ഭരണപരമായ കാരണങ്ങളാൽ 17 ദിവസത്തെ കാലതാമസം വന്നിട്ടുണ്ടെന്നും ഭാവിയിൽ ഇത് ആവർത്തിക്കില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

വികസന പദ്ധതികൾക്കായി ഒരു പ്രദേശത്തെ എല്ലാ ലാൻഡ് പാഴ്സലുകളും പൂൾ ചെയ്ത് പ്രത്യേക ലേഔട്ടിലൂടെ പുനർരൂപീകരിച്ച് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചതിനുശേഷം യഥാർഥ ഉടമസ്ഥ് പ്രാഥമിക പ്ലോട്ടിന് ആനുപാതികമായി പുനർരൂപീകരിച്ച ഭൂമിയുടെ ഒരു ഭാഗം തിരികെ നൽകുന്ന സംവിധാനമാണ് ലാൻഡ് പൂളിംഗ് എന്നും പ്രസ്തുത സ്കീമുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളാണ് ചട്ടങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് ടൗൺ പ്ലാനർ വിശദമാക്കി.

പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനത്തിന് സാധൂകരണം നൽകുകയും കാലതാമസ പത്രിക അംഗീകരിക്കുകയും ചെയ്തു.

**2. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്മേലുള്ള ചട്ടം**

(എസ്.ആർ.ഒ. നം. 632/2024)

**1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്മേലുള്ള ചട്ടം**

(എസ്.ആർ.ഒ. നം. 633/2024)

(ഫയൽ നം. 14399/സബ്.സി.ഡി1/2024/ലെജി)

[റഫറൻസ് നം. RD1/77/2021/LSGD തീയതി 14.08.2024]

പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

**3. 2024-ലെ കേരള മുനിസിപ്പാലിറ്റി(കുറ്റങ്ങൾ രാജിയാക്കൽ) ഭേദഗതി ചട്ടങ്ങൾ**

(എസ്.ആർ.ഒ. നം. 790/2024)

(ഫയൽ നം. 17072/സബ്.സി.ഡി1/2024/ലെജി)

[റഫറൻസ് നം. ആർ.ഡി2/132/2024/എൽ.എസ്.ജി.ഡി. തീയതി 05.11.2024]

പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

**4. 2024-ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ**

(എസ്.ആർ.ഒ. നം. 658/2024) (കാലതാമസ പത്രിക സഹിതം)

(ഫയൽ നം. 18301/സബ്.സി.ഡി1/2024/ലെജി)

[റഫറൻസ് നം. RD1/141/2020/LSGD തീയതി 17.10.2024]

പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം, കാലതാമസ പത്രിക എന്നിവ സമിതി പരിഗണിക്കുകയും വിജ്ഞാപനത്തിന് സാധൂകരണം നൽകുകയും കാലതാമസ പത്രിക അംഗീകരിക്കുകയും ചെയ്തു.

**5. 2024-ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) ഭേദഗതി ചട്ടങ്ങൾ**

(എസ്.ആർ.ഒ. നം. 792/2024)(കാലതാമസ പത്രിക സഹിതം)

(ഫ. നം. 19650/സബ്.സി.ഡി1/2024/ലെജി)

[റഫറൻസ് നം. 65/ആർ.ഡി1/2024/തസ്വഭവ തീയതി 05.11.2024]

2011-ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ ജനസംഖ്യ വർദ്ധിച്ച സാഹചര്യത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ സ്ഥാനങ്ങളുടെ എണ്ണവും ജനസംഖ്യയും തമ്മിലുള്ള അനുപാതം കുറയ്ക്കുന്നതിനായി പഞ്ചായത്തുകളിലെ കുറഞ്ഞതും കൂടിയതുമായ സ്ഥാനങ്ങളുടെ എണ്ണം ഓരോന്ന് വീതം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് പാസ്സാക്കിയ 2024-ലെ കേരള പഞ്ചായത്ത് രാജ്(രണ്ടാംനാലാം ഭേദഗതി) ആക്റ്റിന് അനുസൃതമായി 1994-ലെ കേരള പഞ്ചായത്ത് രാജ്(അംഗസംഖ്യ നിശ്ചയിക്കൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച 2024-ലെ കേരള പഞ്ചായത്ത് രാജ്(അംഗസംഖ്യ നിശ്ചയിക്കൽ) ഭേദഗതി ചട്ടങ്ങൾ(എസ്.ആർ.ഒ. നം. 792/2024), കാലതാമസ പത്രിക എന്നിവ സമിതി പരിഗണിക്കുകയും എസ്.ആർ.ഒ. വിജ്ഞാപനത്തിന് സാധൂകരണം നൽകുകയും കാലതാമസ പത്രിക അംഗീകരിക്കുകയും ചെയ്തു.

6. 2024-ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ഭേദഗതി ചട്ടങ്ങൾ
(എസ്.ആർ.ഒ. നം. 1068/2024)
(ഫ. നം. 20608/സബ്.സി.ഡി1/2024/ലെജി)
[റഫറൻസ് നം. ആർ.ഡി2/165/2024/എൽ.എസ്.ജി.ഡി. തീയതി 10.12.2024]

പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

III **സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ**

**2024-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ(ഭേദഗതി) ചട്ടങ്ങൾ (SRO No. 743/2024) - മലയാളത്തിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്.**
(ഫ. നം. 20383/സബ്.സി.ഡി1/2024/ലെജി)

മലയാളഭാഷയിൽ പാസ്സാക്കുന്ന ഒരു മൂലനിയമത്തെ അടിസ്ഥാനമാക്കി ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ അവ ആദ്യം മലയാള ഭാഷയിൽത്തന്നെ ആയിരിക്കേണ്ടതാണെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന് വിരുദ്ധമായി ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചത് ഗുരുതര വീഴ്ചയാണെന്ന് സമിതി നിരീക്ഷിച്ചപ്പോൾ, ഒരു മാസത്തിനകം പ്രസ്തുത ചട്ടങ്ങൾ മലയാളത്തിൽ തയ്യാറാക്കി ലഭ്യമാക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഉറപ്പ് നൽകി.

യോഗം വൈകുന്നേരം 4.30-ന് അവസാനിച്ചു.

**20.02.2025-ലെ യോഗനടപടിക്കുറിപ്പ്**

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2025 ഫെബ്രുവരി 20-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീമതി കാനത്തിൽ ജമീല
2. ശ്രീ. എ. സി. മൊയ്തീൻ
3. ശ്രീ. വി. കെ. പ്രശാന്ത്
4. ശ്രീ. പി. ഉബൈദുള്ള
5. ശ്രീ. റോജി എം. ജോൺ(ഓൺലൈൻ മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ഡോ. ഷർമിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ

വകുപ്പ്

2. ശ്രീ. ശ്രീറാം സാംബശിവ റാവു, പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

3. ശ്രീ. സന്ദീപ് കെ. ജി., ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

4. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

5. ശ്രീ. മുഹമ്മദ് ഷഫീഖ്, കമ്മീഷണർ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

6. ശ്രീ. സൂരജ് ഷാജി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ & ഡയറക്ടർ, നഗരകാര്യ വകുപ്പ്

7. ശ്രീ. രാഹുൽ കൃഷ്ണ ശർമ്മ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സ്മാർട്ട് സിറ്റി

8. ശ്രീമതി ഒലീന എ. ജി., ഡയറക്ടർ, കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി

9. ശ്രീ. വിനോദ് ടി. പി., അഡീഷണൽ ഡയറക്ടർ(ജനറൽ), സാമ്പത്തിക-സ്ഥിതിവിവരക്കണക്ക് വകുപ്പ്

10. ശ്രീമതി ശോഭ വി. ആർ., ജോയിന്റ് സെക്രട്ടറി(ബജറ്റ്), ധനകാര്യ വകുപ്പ്

11. ശ്രീ. രവിരാജ് ആർ., ജോയിന്റ് ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

12. ശ്രീമതി ഷീബ റാണി വൈ., ചീഫ് ടൗൺ പ്ലാനർ(പ്ലാനിങ്), ടൗൺ ആൻഡ് കൺട്രി പ്ലാനിങ് ഡിപ്പാർട്ടുമെന്റ്

13. ശ്രീമതി ജൂന ജെ. പി., ഡെപ്യൂട്ടി സെക്രട്ടറി, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാല്യുവേഷൻ & മോണിറ്ററിങ് ഡിപ്പാർട്ടുമെന്റ് (പി.ഐ.ഇ. & എം. ഡി.)

14. ശ്രീമതി ദിവ്യ ജി., ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

15. ശ്രീമതി ടി. എൻ. സീമ, കോ-ഓർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി

16. ശ്രീമതി അൽഫ എസ്. എസ്., അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

17. ശ്രീമതി ഹർഷ കെ. എസ്., അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

18. ശ്രീ. അജയ് എസ്., അസിസ്റ്റന്റ് ടൗൺ പ്ലാനർ (പ്ലാനിങ്), തദ്ദേശസ്വയംഭരണ വകുപ്പ്

19. ശ്രീ. അഭിലാഷ് നായർ, അസിസ്റ്റന്റ് മാനേജർ (സിവിൽ), സ്മാർട്ട് സിറ്റി

തിരുവനന്തപുരം ലിമിറ്റഡ്

20. ശ്രീ. ഉദയൻ സി. സി., പ്രോഗ്രാം മാനേജർ(ഫിനാൻസ്), ലൈഫ് മിഷൻ

21. ശ്രീ. ജെ. സജീന്ദ്രബാബു, പ്രോഗ്രാം മാനേജർ, ലൈഫ് മിഷൻ

22. ഡോ. ഷമീന പി. എൻ., സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, കുടുംബശ്രീ

23. ശ്രീ. അബ്ദുൾ ബഷീർ കെ., സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, കുടുംബശ്രീ

24. ശ്രീമതി നീതു എൽ. പ്രകാശ്, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോജക്ട് മാനേജർ-എഫ്.ഐ., കുടുംബശ്രീ.

25. ശ്രീമതി ഷൈനി വി. എൻ., സീനിയർ ഫിനാൻസ് ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

26. ശ്രീമതി ലിഷ ബിനോയ്, ഫിനാൻസ് ഓഫീസർ,ഇൻഫർമേഷൻ കേരള മിഷൻ

27. ശ്രീ. ഷിബി ജോർജ്ജ്, ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി

28. ശ്രീ. ശ്രീകുമാർ ബി., ഫിനാൻസ് ഓഫീസർ, സ്മാർട്ട് സിറ്റി തിരുവനന്തപുരം

29. ശ്രീമതി ഇന്ദു എസ്., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, നവകേരളം കർമ്മ പദ്ധതി

30. ശ്രീ. എബ്രഹാം കോശി, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, ഹരിതകേരളം മിഷൻ

സമിതി, 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽവരുന്ന XXII(നഗരവികസനം), XXXV(പഞ്ചായത്ത്), XXXVI(ഗ്രാമവികസനം), XXVIII(പലവക സാമ്പത്തിക സർവ്വീസുകൾ) എന്നീ ധനാഭ്യർത്ഥനകളിന്മേൽ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## തദ്ദേശസ്വയംഭരണ വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് XXXVI, XXXV, XXII എന്നീ മൂന്ന് ധനാഭ്യർത്ഥനകളാണുള്ളതെന്നും ധനാഭ്യർത്ഥന നമ്പർ XXXVI-ൽ പ്രധാനമായി ആർ.ഡി. (റൂറൽ ഡെവലപ്മെന്റ്) സ്കീമുകളാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും അതിൽ കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാൻ മന്ത്രി ആവാസ് യോജന(ഗ്രാമീൺ), മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പി.എം. ജൻമൻ പദ്ധതി എന്നിവയും സംസ്ഥാന പദ്ധതികളായ ലൈഫ് പദ്ധതി, ലൈഫ് പാർപ്പിട മിഷൻ സ്കീം, എം.ജി.എൻ.ആർ.ഇ.ജി.എസ്., കേരള എംപ്ലോയ്മെന്റ് ഗ്യാരണ്ടി വർക്കേഴ്സ്

വെൽഫെയർ ഫണ്ട്, ജില്ലാ പഞ്ചായത്തുകളുടെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിനുള്ള ഒറ്റത്തവണ സംസ്ഥാന സഹായം, കുടുംബശ്രീ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി എന്നിവയ്ക്കും അധിക തുക ആവശ്യപ്പെട്ടിട്ടുണ്ടെന്നും ടി ധനാഭ്യർഥനയിൽ ഏറ്റവും കൂടുതൽ തുക ആവശ്യപ്പെട്ടിരിക്കുന്നത് പ്രധാൻ മന്ത്രി ആവാസ് യോജന(ഗ്രാമീൺ) പദ്ധതിക്കാണെന്നും ധനാഭ്യർഥന നം. XXXV-ൽ പ്രധാനമായി ഐ.കെ.എം., കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ എന്നിവയും ധനാഭ്യർഥന നം. XXII-ൽ മൂന്നാർ വയനാട് മേഖലകളിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും സംസ്ഥാനത്ത് സ്ഥലസംബന്ധമായ ആസൂത്രിത രൂപരേഖ തയ്യാറാക്കുന്നതിനും അധിക തുക ആവശ്യപ്പെട്ടിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന 129.66 കോടി അടങ്കലുള്ള സിറ്റി ഇൻവെസ്റ്റ്മെന്റ് റ്റു ഇന്നോവെറ്റ്, ഇന്റഗ്രേറ്റ് ആൻഡ് സസ്റ്റൈൻ 2.0(CITIIS 2.0) എന്ന പദ്ധതിക്ക് അധിക തുക ആവശ്യമുണ്ടെന്നും എന്നാൽ ധനാഭ്യർഥന XXII സംബന്ധിച്ച് സമിതിയുടെ പരിഗണനയ്ക്കായി വകുപ്പിൽനിന്നും ലഭ്യമാക്കിയ കുറിപ്പിൽ അത് ഉൾപ്പെടുത്തിയിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിഷയം കൂടി പരിഗണിക്കണമെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആവശ്യം സമിതി അംഗീകരിക്കുകയും അജണ്ടയ്ക്ക് പുറമെയുള്ള വിഷയമായി അത് പരിഗണിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന XXXVI – ഗ്രാമവികസനം**

**2515-00-001-41 –പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-LSGD-എസ്റ്റാബ്ലിഷ്മെന്റ്(റൂറൽ)**

**05 –ഓഫീസ് ചെലവുകൾ**

**01 – വെള്ളക്കരം**

പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഓഫീസ് ആവശ്യത്തിലേക്കുള്ള വെള്ളക്കരം ഒടുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.02 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-001-41 –പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-LSGD-എസ്റ്റാബ്ലിഷ്മെന്റ് (റൂറൽ)**

**05 –ഓഫീസ് ചെലവുകൾ**

**02 – വൈദ്യുതി ചെലവ്**

പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെയും ജില്ലാ ഓഫീസുകളിലെയും വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 10.85 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-001-49 – എൻ.ഇ.എസ്. പാറ്റേണിൽ ഉദ്യോഗസ്ഥൻമാരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവ്**

**05 –ഓഫീസ് ചെലവുകൾ**

**04 – മറ്റിനങ്ങൾ**

എൻ.ഇ.എസ് പാറ്റേണിനാവശ്യമായ ഓഫീസ് ചെലവുകൾക്കും മറ്റിനങ്ങൾക്കുമായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 6 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2515-00-001-49- എൻ.ഇ.എസ്.പാറ്റേണിൽ ഉദ്യോഗസ്ഥരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവ്

02- വേതനം

01 - ശമ്പളം

എൽ.എസ്.ജി.ഡി.-എൻ.ഇ.എസ് പാറ്റേണിൽ ഉദ്യോഗസ്ഥന്മാരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവിനായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 3 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2515-00-001-49- എൻ.ഇ.എസ്.പാറ്റേണിൽ ഉദ്യോഗസ്ഥരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവ്

02 - വേതനം

04 - കൺസോളിഡേറ്റഡ് പേ

എൽ.എസ്.ജി.ഡി. - എൻ.ഇ.എസ് പാറ്റേണിലെ 8 ജീവനക്കാർക്ക് 8000 രൂപ പ്രതിമാസം നൽകേണ്ട ആവശ്യത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 9 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2515-00-102-23- LSGD - അപ്ലൈഡ് ന്യൂട്രീഷനും മറ്റ് പ്രോഗ്രാമുകളും

34 -മറ്റ് ചെലവുകൾ

3 - മറ്റിനം

ബാലുശ്ശേരി ഫുഡ് പ്രോസസ്സിംഗ് ആന്റ് ന്യൂട്രീഷൻ സെന്ററിന്റെ ചെലവുകൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 15,000 രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2505-02-101-99 - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (100% സി.എസ്.എസ്)

(02) ഭരണപരമായ ചെലവുകൾ - അധിക സംസ്ഥാന സഹായം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.2735 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2501-06-197-48- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

(11) പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്)-കേന്ദ്ര വിഹിതം

(12) പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.

ഗ്രാമീണ) (60% സി.എസ്.എസ്)–സംസ്ഥാന വിഹിതം

PMAY-G പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് കേന്ദ്ര വിഹിതമായി 508.91 കോടി രൂപയും സംസ്ഥാന വിഹിതമായി 339.27 കോടി രൂപയും ചേർത്ത് ആകെ 848.18 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2501-06-789-98-** **പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്)**

**(01) പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്)–കേന്ദ്ര വിഹിതം**

**(02) പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്)–സംസ്ഥാന വിഹിതം**

PMAY-G പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് കേന്ദ്ര വിഹിതമായി 92.07 കോടി രൂപയും സംസ്ഥാന വിഹിതമായി 61.38 കോടി രൂപയും ചേർത്ത് ആകെ 153.45 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2501-06-796-98-** **പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്)**

**(01) പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്)–കേന്ദ്ര വിഹിതം**

**(02) പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്)–സംസ്ഥാന വിഹിതം**

PMAY-G പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് കേന്ദ്ര വിഹിതമായി 22.73 കോടി രൂപയും സംസ്ഥാന വിഹിതമായി 15.15 കോടി രൂപയും ചേർത്ത് ആകെ 37.88 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2501-06-197-48-** **കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം**

**(28) പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി.എം.എ.വൈ.-ജൻമൻ)-60% CSS-കേന്ദ്ര വിഹിതം**

**(29) പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി.എം.എ.വൈ.-ജൻമൻ)-60% CSS-സംസ്ഥാന വിഹിതം**

PM-JANMAN പദ്ധതി പ്രകാരം 1299 വീടുകൾ പൂർത്തിയാക്കുന്നതിന് കേന്ദ്ര വിഹിതമായി 10.478 കോടി രൂപയും സംസ്ഥാന വിഹിതമായി 6.9853 കോടി രൂപയും ചേർത്ത് ആകെ 17.4633 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2505-02-101-99 –** **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (100% സി.എസ്.എസ്)**

**(04) ഫെസ്റ്റിവൽ അലവൻസ് വിതരണം ചെയ്യുന്നതിനുള്ള അധിക സംസ്ഥാന സഹായം**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്ന കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് അനുവദിക്കുന്ന ഫെസ്റ്റിവൽ അലവൻസിന് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 60 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2505-02-101-88 – <u>കേരള എംപ്ലോയ്മെന്റ് ഗ്യാരണ്ടി വർക്കേഴ്സ് വെൽഫെയർ ഫണ്ട്</u>**
**10 – <u>സംഭാവന</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടേയും പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും മറ്റ് ആകസ്മിക ചെലവ് ഇനത്തിലുമായി 37.5723 കോടി രൂപ നൽകേണ്ടി വരുന്നുണ്ടെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ 37.5722 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**2501-01-196-48– <u>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>**
**(03) ജില്ലാപഞ്ചായത്തുകളിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിനുള്ള ഒറ്റത്തവണ സംസ്ഥാന സഹായം (മുൻപ് ജില്ലാ ഗ്രാമവികസന ഏജൻസികൾ)**

സംസ്ഥാനത്തെ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ജീവനക്കാർക്കുള്ള ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും കൂടാതെ കറന്റ് ചാർജ്ജിനും കെട്ടിടവാടക തുടങ്ങിയ അനിവാര്യ ഓഫീസ് ചെലവുകൾക്കുമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-102-21 – <u>കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (ലീപ് കേരള മിഷൻ)</u>**

സാമൂഹ്യ സാക്ഷരത, കാലാവസ്ഥാ സാക്ഷരത, സാംസ്കാരിക സാക്ഷരത, ചരിത്ര സാക്ഷരത എന്നീ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-102-30- <u>ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയുള്ള ധനസഹായം(റ്റുറൽ)</u>**

ഗ്രാമീണ തൊഴിൽ മേഖലയിലെ ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കായി ഹഡ്കോ കെ.യു.ആർ.ഡി.എഫ്.സി. മുഖേന അനുവദിച്ചിട്ടുള്ള വായ്പയിന്മേലുള്ള പലിശ തിരിച്ചടവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 14.01 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4515-00-102-49–<u>സമ്പൂർണ്ണ ഭവന പദ്ധതി-ഗ്രാമം(ലൈഫ് - പാർപ്പിട മിഷൻ)</u>**

ഗ്രാമീണ മേഖലയിൽ ലൈഫ് പാർപ്പിട മിഷൻ പദ്ധതി പ്രകാരം നിലവിൽ നിർമ്മാണം

പുരോഗമിക്കുന്നതും 2025-26 സാമ്പത്തിക വർഷത്തിൽ നിർമ്മാണം ആരംഭിക്കുവാനുള്ളതുമായ വ്യക്തിഗത ഭവനങ്ങൾക്ക് സംസ്ഥാന വിഹിതം നൽകുന്നതിനും നിർമ്മാണം പുരോഗമിക്കുന്ന ഭവന സമുച്ചയങ്ങൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 446.47 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-102-29- <u>കുടുംബശ്രീ - നിലവിലുള്ള പരിപാടികൾ</u>**

കുടുംബശ്രീയുടെ ഇന്ററെസ്റ്റ് സബ്ഡിഡി വായ്പാ പദ്ധതി, അഗ്രി സ്റ്റാർട്ട് അപ്പ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 46.4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**<u>ധനാഭ്യർത്ഥന XXXV – പഞ്ചായത്ത്</u>**

**2515-00-001-82- <u>ജോയിന്റ് ഡയറക്ടറുടെ ഓഫീസ്-എൽ.എസ്.ജി.ഡി-എഞ്ചിനീയറിംഗ്</u>**
**<u>01-ശമ്പളം</u>**
**<u>4-മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>**

ജോയിന്റ് ഡയറക്ടറുടെ എഞ്ചിനീയറിംഗ് വിഭാഗത്തിനുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 3 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-001-82- <u>ജോയിന്റ് ഡയറക്ടറുടെ ഓഫീസ്-എൽ.എസ്.ജി.ഡി-എഞ്ചിനീയറിംഗ്</u>**
**04- <u>യാത്രാ ചെലവുകൾ</u>**
**4- <u>അവധി യാത്രാനുകൂല്യം</u>**

ജോയിന്റ് ഡയറക്ടറുടെ എഞ്ചിനീയറിംഗ് വിഭാഗത്തിനുള്ള അവധി യാത്രാനുകൂല്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-001-83- <u>ജോയിന്റ് ഡയറക്ടറുടെ ഓഫീസ്-എൽ.എസ്.ജി.ഡി-എസ്റ്റാബ്ലിഷ്മെന്റ്-റൂറൽ</u>**
**<u>06-വാടക, കരം, നികുതി</u>**

പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകളിലെ വാടക ഒടുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 6.04 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-001-84- <u>പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -എൽ.എസ്.ജി.ഡി-എഞ്ചിനീയറിംഗ്</u>**
**<u>05-ഓഫീസ് ചെലവുകൾ</u>**
**2-<u>വൈദ്യുതി ചെലവ്</u>**

പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ എഞ്ചിനീയറിംഗ് വിഭാഗം, സൗത്ത് സർക്കിൾ, നോർത്ത് സർക്കിൾ എന്നീ ഓഫീസുകളിലെ വൈദ്യുതി ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.43 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-102-32-മാനവശേഷി വികസന കേന്ദ്രം (കില സി.എച്ച്.ആർ.ഡി.) (50% സി.എസ്.എസ്.)**

**01- കില-സി.എച്ച്.ആർ.ഡി.-കേന്ദ്ര വിഹിതം**

**02-കില-സി.എച്ച്.ആർ.ഡി.- സംസ്ഥാന വിഹിതം**

ഡമിക്ക് ചെലവുകൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക 25 ലക്ഷം രൂപയായി നിജപ്പെടുത്തിയതിനാൽ കിലയുടെ ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ, മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായ 75 ലക്ഷം രൂപയും സംസ്ഥാന വിഹിതമായ 75 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-003-99- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**

**36- സഹായധനം - ശമ്പളേതരം**

2025-26 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന 21900 ജനപ്രതിനിധികൾക്ക് പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5.68 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-001-86- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ക്വാളിറ്റി മെക്കാനിസം, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയുടെ വിപുലപ്പെടുത്തൽ.**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ആധുനികവത്കരണത്തിനും കമ്പ്യൂട്ടറൈസേഷനും കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾക്കുമായി 2 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിനായി 3.87 കോടി രൂപ ആവശ്യമായി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 1.87 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-001-85-ഇൻഫർമേഷൻ കേരളാ മിഷൻ-വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രാദേശിക ഭരണം ശക്തിപ്പെടുത്തൽ**

**99 - വിവരസാങ്കേതിക വിദ്യ**

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള റൂറൽ ലോക്കൽ ബോഡികളിൽ KSMART ആപ്ലിക്കേഷൻ വിന്യസിക്കുന്നതിനായുള്ള പ്രവർത്തികൾക്കും ഐ.കെ.എം. ജീവനക്കാരുടെ (സോഫ്റ്റ്‌വെയർ ടെക്നിക്കൽ ജീവനക്കാർ ഉൾപ്പെടെ) ശമ്പളത്തിനായും വരാനിരിക്കുന്ന മറ്റ് ചെലവുകൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 16.52 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXII - നഗരവികസനം

**2217-05-800-67 – സംസ്ഥാനത്ത് സ്ഥല സംബന്ധമായ ആസൂത്രിത രൂപരേഖ തയ്യാറാക്കൽ**

സംസ്ഥാനത്ത് സ്ഥലപരമായ പുനഃക്രമീകരണം, സുസ്ഥിര വികസനം, പ്രളയബാധിത പാരിസ്ഥിതികലോല പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങളുടെ പുനരധിവാസം എന്നിവയ്ക്ക് വേണ്ടിയുള്ള സമഗ്ര പദ്ധതി രൂപീകരിക്കുകയാണ് ഉദ്ദേശ്യം. 2025-26 സാമ്പത്തിക വർഷത്തേക്ക് 1.19 കോടി രൂപ ആവശ്യം വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 94 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-05-001-59 – മൂന്നാർ വയനാട് മേഖലകളിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ (പുതിയ പദ്ധതി)**

മൂന്നാർ, വയനാട് എന്നീ പ്രദേശങ്ങളുടെ സുസ്ഥിര വികസനത്തിനും പ്രദേശത്തെ പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനും തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിനു വേണ്ടി 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ 1 കോടി രൂപയാണ് അനുവദിച്ചത്. മൂന്നാർ മാസ്റ്റർ പ്ലാനിന്റെ പഠനങ്ങൾക്കും സർവ്വേ ജോലികൾ ചെയ്യുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും വയനാട് മാസ്റ്റർ പ്ലാനിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 2025-26 സാമ്പത്തിക വർഷം 4.92 കോടി രൂപ ആവശ്യമായി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 3.92 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-80-800-60 – ഖരമാലിന്യ സംസ്കരണശാല സ്ഥാപിക്കൽ (മുൻപ് ഖരമാലിന്യ നിർമ്മാർജ്ജന ഫണ്ട്)**

കേരളത്തിലെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും വേസ്റ്റ് മാനേജ്മെന്റ് ശരിയായി മോണിറ്റർ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് വേസ്റ്റ് മാനേജ്മെന്റ് സെല്ലിന്റെ പ്രവർത്തനത്തിനുവേണ്ട ഭൗതിക സാഹചര്യം ഒരുക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 22.2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**പ്ലാനിംഗ് ഓഫീസർമാർക്ക് ബിരുദാനന്തര ബിരുദം നേടുന്നതിനുള്ള ഡെപ്യൂട്ടേഷൻ പദ്ധതി (പുതിയ പദ്ധതി)**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരെ നഗരഗ്രാമാസൂത്രണ മേഖലയിൽ ഉപരിപഠനത്തിന് അന്യത്ര സേവന വ്യവസ്ഥയിൽ അയയ്ക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയുടെ ഭാഗമായി ട്യൂഷൻ ഫീസ്, ഇൻസ്റ്റിറ്റ്യൂട്ട് ഫീസ്, യാത്രാ അലവൻസ് മുതലായവയുമായി ബന്ധപ്പെട്ട ചെലവുകൾക്കായി പുതിയ ശീർഷകം സൃഷ്ടിച്ച് 5 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-05-191-48 – കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് (പുതിയ പദ്ധതി)**

**(52) – സിറ്റി ഇൻവെസ്റ്റ്മെന്റ് റ്റു ഇന്നോവെറ്റ്, ഇന്റഗ്രേറ്റ് ആൻഡ് സസ്റ്റൈൻ 2.0(CITIIS 2.0)- തിരുവനന്തപുരം-കേന്ദ്ര സഹായം**

**(53) - സിറ്റി ഇൻവെസ്റ്റ്മെന്റ് റ്റു ഇന്നോവെറ്റ്, ഇന്റഗ്രേറ്റ് ആൻഡ് സസ്റ്റൈൻ 2.0(CITIIS 2.0)- തിരുവനന്തപുരം-സംസ്ഥാന വിഹിതം**

മാലിന്യസംസ്കരണം ആധുനിക രീതിയിൽ നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന CITIIS 2.0 എന്ന 80:20 കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ കേന്ദ്രവിഹിതമായ 41.45 കോടി രൂപയും സംസ്ഥാന വിഹിതമായ 10.36 കോടി രൂപയും ചേർത്ത് ആകെ 51.81 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

**ധനാഭ്യർത്ഥന നമ്പർ XXVIII**

**3454-02-111-93-മുനിസിപ്പാലിറ്റികളിലെ ജനന-മരണ സ്ഥിതിവിവരക്കണക്ക് വിഭാഗം ശക്തിപ്പെടുത്തൽ**

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യപ്പെടുന്നില്ലെന്ന വിവരം സാമ്പത്തിക-സ്ഥിതിവിവരക്കണക്ക് വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

**പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

**ധനാഭ്യർത്ഥന നമ്പർ XXXVI**

**2515-00-102-33- നവകേരള കർമ്മ പദ്ധതി-2 (ഹരിത കേരളം മിഷൻ)**

നവകേരള കർമ്മപദ്ധതി-2-ന്റെ ഐ.ഇ.സി. പ്രവർത്തനങ്ങൾ, റിസോഴ്സ് പേഴ്സൺമാരുടെ ഹോണറേറിയം, ഹരിത കേരളം മിഷന്റെ ജലസംരക്ഷണം, പരിസ്ഥിതി പുനഃസ്ഥാപനം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ നടത്തിവരുന്ന തനത് പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ 4.8 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.30 മണിക്ക് അവസാനിച്ചു.

**21.02.2025-ലെ യോഗനടപടിക്കുറിപ്പ്**

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2025 ഫെബ്രുവരി 21-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർപേഴ്സണിന്റെ അസാന്നിധ്യത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാജൻ വീഡിയോ കോൺഫറൻസിലൂടെ

അധ്യക്ഷത വഹിച്ച പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. വി. കെ. പ്രശാന്ത്
2. ശ്രീ. പി. ഉബൈദുള്ള (ഓൺലൈൻ മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ഷീബ ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ് & സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡ്
2. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
3. ശ്രീ. രാഗേഷ് എസ്., അഡീഷണൽ സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്
4. ശ്രീ. സുധീർ കെ., ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ്
5. ഡോ. ഫെബി വർഗ്ഗീസ്, ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം
6. ശ്രീ വിനോദ് ടി. പി., അഡീഷണൽ ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
7. ശ്രീമതി ബീന എൽ., ചീഫ് എഞ്ചിനീയർ (ബിൽഡിങ്സ്), പൊതുമരാമത്ത് വകുപ്പ്
8. ശ്രീ. സുധൻ ഡബ്ല്യൂ. ജെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീ. നിസാർ എച്ച്., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ
10. ശ്രീ. ശ്രീരാജ് എസ്. എസ്., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ശ്രീമതി റാണി പി. എൻ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡ്
12. ശ്രീമതി ബിന്ദു വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്
13. ശ്രീമതി കരോളിൻ ഫെർണാണ്ടസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡ്
14. ശ്രീ. സുരേഷ് ആർ. എസ്., അസിസ്റ്റന്റ് മാനേജർ (അക്കൗണ്ട്സ്), കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

15. ശ്രീമതി ഗായത്രി ജി. ആർ., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

16. ശ്രീമതി സ്മിത എം., ഫിനാൻസ് ഓഫീസർ, സൈനികക്ഷേമ വകുപ്പ്

17. ശ്രീ. ഹരികൃഷ്ണ കുമാർ എസ്. ആർ., ഫിനാൻസ് മാനേജർ, കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡ്

18. ശ്രീമതി സോണി ജെ., ഫിനാൻസ് ഓഫീസർ, ന്യൂനപക്ഷക്ഷേമ ഡയക്ടറേറ്റ്

19. ശ്രീമതി ലക്ഷ്മിപ്രിയ ആർ.,അക്കൗണ്ട്സ് ഓഫീസർ, ന്യൂനപക്ഷക്ഷേമ ഡയക്ടറേറ്റ്

20. ശ്രീ. ജയ്മോൻ എ. ജോൺ, സീനിയർ സൂപ്രണ്ട്, ഹൗസിങ് കമ്മീഷണറുടെ കാര്യാലയം

21. ശ്രീ. വി. സന്തോഷ്, ചീഫ് ടെക്നിക്കൽ ഓഫീസർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

സമിതി, 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽവരുന്ന XXI(ഭവനനിർമ്മാണം), XXV(പട്ടികജാതി/പട്ടികവർഗ്ഗ /മറ്റ് പിന്നാക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം) എന്നീ ധനാഭ്യർത്ഥനകളിന്മേൽ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ശിപാർശകൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ഭവനനിർമ്മാണ വകുപ്പ്

## ധനാഭ്യർത്ഥന നമ്പർ - XXI

**2216-80-001-99 – ഹൗസിംഗ് കമ്മീഷണർ**
**06-വാടക, കരം, നികുതി**

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ കെട്ടിടത്തിൽ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന കാര്യാലയത്തിന്റെ ഓഫീസ് സ്ഥലത്തിന് 9,97,344 രൂപ ആവശ്യമായി വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 8.774 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2216-80-103-99 – സംസ്ഥാന ഹൗസിംഗ് ബോർഡ്**
**38-ട്രെയിനിംഗ് പ്ലാൻ**

ഭവന നിർമ്മാണ ബോർഡിന്റെ ഹെഡ് ഓഫീസ് നവീകരണത്തിനും ഐ.ടി. സെൽ വിപുലീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4216-80-800-94 – <u>എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി</u>**

2025-26 സാമ്പത്തിക വർഷം എം.എൻ. സുവർണ്ണഭവനം പദ്ധതിയ്ക്കും എം.എൻ. നവയുഗ പദ്ധതിയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 13 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**6216-80-800-86 – <u>മുതിർന്ന പൗരന്മാരുടെ വീടുകൾക്കായി കെ.എസ്.എച്ച്.ബി.ക്ക് വായ്പ</u>**

സീനിയർ സിറ്റിസൺ ഹോംസ് പദ്ധതിയുടെ പ്രഥമ ഘട്ടം നടപ്പിലാക്കുന്നതിനായി 16 കോടി രൂപ ആവശ്യപ്പെട്ടതിൽ 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന, ഉയർന്ന പ്രവർത്തന ചെലവ് എന്നിവ പരിഗണിച്ച് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തി പദ്ധതി സമഗ്രമായി നടപ്പിലാക്കുന്നതിന് മേൽ ശീർഷകത്തിൽ 11 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4216-80-201-94- <u>കോഴിക്കോട് സ്ഥിതി ചെയ്യുന്ന കേരള ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിലുള്ള വസ്തുവിൽ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ ക്വാർട്ടേഴ്സ്</u>**

2020-21 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച, സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് ഭവന പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ ബിൽ പേയ്മെന്റിനായി ഭരണാനുമതി ലഭിച്ച നാല് കോടി രൂപയിൽ നിന്നും ബാക്കി നിൽക്കുന്ന 2.6543 കോടി രൂപ മേൽ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4216-80-201-97 – <u>ആശ്വാസ് വാടക ഭവന പദ്ധതി</u>**

കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്ന ആശ്വാസ് വാടക വീട് പദ്ധതിയുടെ തുടർനടത്തിപ്പിനായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2216-80-103-99 – <u>സംസ്ഥാന ഹൗസിംഗ് ബോർഡ്</u>**
**01-സഹായധനം**
**36-സഹായധനം-ശമ്പളേതരം**

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസുകൾ, ജില്ലകളിലെ ഡിവിഷൻ ഓഫീസുകൾ എന്നിവയിലേക്ക് ശമ്പളേതര ആവശ്യങ്ങൾക്കും ഭരണപരമായ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും contingent expense-ൽ ഉൾപ്പെടുന്ന ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ്, ലീഗൽ ചാർജ്ജസ്, കെട്ടിട നികുതി എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5.1435 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2216-80-103-99 –<u>സംസ്ഥാന ഹൗസിംഗ് ബോർഡ്</u>**

**(09) മൈത്രി ഭവന പദ്ധതി**

ഭവന നിർമ്മാണ ബോർഡിന്റെ തനത് പദ്ധതികൾ നടപ്പിലാക്കുവാനും നിലവിലെ ബോർഡിന്റെ കെട്ടിടങ്ങളിൽ അറ്റകുറ്റ പണികൾ നടത്തുന്നതിനും ബോർഡിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 180.32 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2216-80-103-99 – <u>സംസ്ഥാന ഹൗസിംഗ് ബോർഡ്</u>**

**(02) – വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവന നിർമ്മാണം**

പത്രപ്രവർത്തകർക്ക് ഭവന നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുന്നതിനായുള്ള പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2216-80-101-99 – <u>നിർമ്മിതി കേന്ദ്രങ്ങൾ</u>**

നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4.7 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4216-80-190-95 – <u>കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര (കെ.ഇ.എസ്.എൻ.ഐ.കെ.)</u>**

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനുകീഴിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി പുതിയ ടെസ്റ്റിംഗ് ലാബും പ്രൊഡക്ഷൻ യൂണിറ്റും സ്ഥാപിക്കൽ, നിലവിലുള്ള ടെസ്റ്റിംഗ് ലാബിന്റെയും പ്രൊഡക്ഷൻ യൂണിറ്റുകളുടേയും നവീകരണം/പ്രീ-ഫാബ് പ്രൊഡക്ഷൻ യൂണിറ്റുകൾ എന്നിവയ്ക്കായി 1 കോടി രൂപയും സെൻട്രൽ ഹൗസിംഗ് ഹബ്ബ്, എറണാകുളത്തിനായി 50 ലക്ഷം രൂപയും ആവശ്യം വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 1.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2216-80-101-98–<u>ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം</u>**

ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനത്തിന്റെ ഹൗസിംഗ് പാർക്ക് നിർമ്മാണം, ലാബിഷാസ് ക്യാംപസ് നിർമ്മാണം, റിസർച്ച് ആന്റ് ഡെവലപ്മെന്റ്, ഫിനിഷിംഗ് സ്കൂൾ, അവയർനെസ് ആന്റ് പബ്ലിക്കേഷൻ എന്നീ ഇനങ്ങളിലുള്ള ചെലവുകൾ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 4.3 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2216-05-053-97 – <u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>**

**01 – സംരക്ഷണവും അറ്റകുറ്റപ്പണികളും**

**02 – പ്രത്യേക അറ്റകുറ്റപ്പണികൾ**

**03 – വൈദ്യുത സാമഗ്രികളുടെ സംരക്ഷണം**

കരാറുകാർക്ക് കൊടുക്കുവാനുള്ള 4.39 കോടി രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി

വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2216-05-053-95 – തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും**

**01 – സാധാരണ അറ്റകുറ്റപ്പണികൾ**
**02 – പ്രത്യേക അറ്റകുറ്റപ്പണികൾ**
**03 – വൈദ്യുത സാമഗ്രികളുടെ സംരക്ഷണം**

കരാറുകാർക്ക് കൊടുക്കുവാനുള്ള 1.32 കോടി രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 1.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4216-01-106-98 – നിർമ്മാണം**
**(02)- ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള ക്വാർട്ടേഴ്സ്**
**16- വൻകിട മരാമത്തുപണികൾ**

കരാറുകാർക്ക് കൊടുക്കുവാനുള്ള 4.30 കോടി രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## പൊതുഭരണ(ന്യൂനപക്ഷ ക്ഷേമ) വകുപ്പ്

## ധനാഭ്യർത്ഥന XXV

**(പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം)**

**2225-04-001-99 – നടത്തിപ്പ്**
**34 – മറ്റു ചെലവുകൾ**
**3 – മറ്റിനം**

ന്യൂനപക്ഷ അവകാശങ്ങളും ശാക്തീകരണ പദ്ധതികളും നടപ്പിലാക്കുന്നതിന് 2025-26 സാമ്പത്തിക വർഷം സംസ്ഥാനതലത്തിലും ജില്ലകൾ ആസ്ഥാനമാക്കിയും ദിനാചരണം സംഘടിപ്പിക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 3 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2225-04-001-99 – നടത്തിപ്പ്**
**97 –വാഹനങ്ങളുടെ വാടക**

ന്യൂനപക്ഷക്ഷേമ വകുപ്പിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി വാടകയ്ക്കെടുത്ത വാഹനത്തിന്റെ വാടക തുക ഒടുക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 3 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2225-04-102-92– ജസ്റ്റിസ് സച്ചാർ കമ്മിറ്റിയുടെ ശിപാർശകളിന്മേലുള്ള പദ്ധതികളുടെ നടപ്പാക്കൽ**

**34 - മറ്റു ചെലവുകൾ**

**3 – മറ്റിനം**

24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളുടേയും 32 ഉപകേന്ദ്രങ്ങളുടേയും നടത്തിപ്പ് ചെലവ്, ഫാക്കൽറ്റി ചെലവ്, കേന്ദ്രത്തിന്റെ മറ്റ് നടത്തിപ്പ് ചെലവുകൾ, മദ്രസ്സ ക്ഷേമനിധി ബോർഡിന്റെ വിവാഹ ധനസഹായം, ഉറുദു സ്കോളർഷിപ്പ് എന്നിവയ്ക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2225-04-102-91 – കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ**

**31 – സഹായധനം - ശമ്പളം**

ന്യൂനപക്ഷ കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും മുൻ ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പള കുടിശ്ശിക, വാർഷിക വേതന വർദ്ധനവ്, ടി.എ./ഡി.എ., യാത്രാബത്ത, ഡി.എ. വർദ്ധനവ്, ടെർമിനൽ സറണ്ടർ, ഫ്യൂവൽ അലവൻസ് എന്നീ ഇനങ്ങളിലുള്ള ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 65 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 03.05-ന് അവസാനിച്ചു.

**27.02.2025-ലെ യോഗനടപടിക്കുറിപ്പ്**

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2025 ഫെബ്രുവരി 27-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '3 ബി' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർപേഴ്സൺ ബഹു. തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് വീഡിയോ കോൺഫറൻസിലൂടെ അധ്യക്ഷത വഹിച്ച പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീമതി കാനത്തിൽ ജമീല
2. ശ്രീ. പി. ഉബൈദുള്ള
3. ശ്രീ. വി. കെ. പ്രശാന്ത് (ഓൺലൈൻ മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 02.50-ന് അവസാനിച്ചു.